# മയ്യിത്ത് നമസ്കാരം

## രോഗം

സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം മറ്റേതു പ്രയാസവുംപോലെ തന്നെ രോഗവും പാപം പൊറുക്കാനും നന്മയുടെ തൂക്കം വർധിക്കാനും സഹായകമായിത്തീരുന്ന കാര്യമാണ്. ക്ഷമ കൈകൊള്ളുകയും അല്ലാഹു വിൽനിന്നുള്ള പ്രതിഫലം കൊതിക്കുകയും വേണമെന്നു മാത്രം. എന്നാൽ അല്ലാഹുവിന്റെ മുമ്പിൽ പ്രയാസത്തെപ്പറ്റി ആവലാതിപ്പെടുന്നതും ഡോക്ടറോടും വൈദ്യനോടും രോഗവിവരം പറയുന്നതും സുഹൃത്തുക്ക ളോടും മറ്റും പ്രയാസം സംബന്ധിച്ച് സംസാരിക്കുന്നതും അക്ഷമയായി കണക്കാക്കുകയില്ല. നബി(സ) പറഞ്ഞതായി അബൂഹുറൈറ (റ) ഉദ്ധരി ക്കുന്നു:

مَا يُصِيبُ الْمُسْلِمَ مِنْ نَصَبٍ وَلاَ وَصَبٍ وَلاَ هَمّ وَلاَ حُزْنٍ وَلاَ أَذًى حَتَّى الشَّوْكَةِ يُشَاكُّهَا إِلَّا كَفَّرَ اللَّهُ بِهَا خَطَايَاهُ (متفق عليه)

(പ്രയാസം, വിഷമം, മനഃക്ലേശം, ദുഃഖം, ദ്രോഹം തുടങ്ങി മുള്ള് തറയ്ക്കുന്നതടക്കം മുസ്ലിമിനെ എന്തു പ്രയാസം ബാധിച്ചാലും അല്ലാഹു അതുവഴി അവന്റെ പാപങ്ങൾ പരിഹരിച്ചുകൊടുക്കും.)

നബി (സ) പറഞ്ഞതായി അനസ് (റ) ഉദ്ധരിക്കുന്നു.

إِنَّ اللَّهَ تَعَالَى قَالَ : إِذَا ابْتَلَيْتُ عَبْدِي بِحَبِيبَتَيْهِ فَصَبَرَ عَوَّضْتُهُ مِنْهُمَا الْجَنَّةَ (البخاري)

(അല്ലാഹു പറഞ്ഞു: എന്റെ അടിമയുടെ രണ്ടു കണ്ണിനും കാഴ്ച നഷ്ട പ്പെടുത്തിക്കൊണ്ട് ഞാൻ അവനെ പരീക്ഷിക്കുകയും അതിന്റെ പേരിൽ അവൻ ക്ഷമിക്കുകയും ചെയ്താൽ ഞാൻ അവന്ന് സ്വർഗം പകരം നൽകു ന്നതാണ്.)

പനി ബാധിച്ച് കിടപ്പിലായപ്പോൾ നബി (സ) ഇപ്രകാരം പറഞ്ഞിരുന്നു: إِنِّي أُوعَكُ كَمَا يُوعَكُ رَجُلَانِ مِنْكُمْ

(നിങ്ങളിൽ രണ്ടുപേർക്ക് സഹിക്കാവുന്ന പ്രയാസം ഞാൻ ഒറ്റയ്ക്ക് അനുഭവിക്കുന്നുണ്ട്.)

ആരോഗ്യാവസ്ഥയിൽ പതിവായി ചെയ്യുന്ന നല്ല പ്രവൃത്തി രോഗാവ സ്ഥയിലും വിശ്വാസിയുടെ നന്മയുടെ പട്ടികയിൽ വരവ് ചേർക്കും. നബി (സ) പറഞ്ഞതായി അബൂമൂസൽ അശ്അരി (റ) ഉദ്ധരിക്കുന്നു.

إِذَا مَرِضَ الْعَبْدُ أَوْ سَافَرَ كُتِبَ لَهُ مِثْلَ مَا كَانَ يَعْمَلُ مُقِيمًا صَحِيحًا (البخاري)

(മനുഷ്യൻ രോഗിയാവുകയോ യാത്രയിൽ ഏർപ്പെടുകയോ ചെയ്താൽ നാട്ടിൽ വെച്ചും ആരോഗ്യാവസ്ഥയിലും അവൻ ചെയ്തിരുന്നതിന് തുല്യ മായത് അവനുവേണ്ടി രേഖപ്പെടുത്തും.)

## രോഗസന്ദർശനം (عيادة المريض)

രോഗസന്ദർശനം ഒരു സുപ്രധാന സുന്നത്താണ്. രോഗിയെ സന്ദർശിക്കു മ്പോൾ രോഗശമനത്തിനും സൗഖ്യത്തിനും വേണ്ടി പ്രാർഥിക്കുക, രോഗി യോട് സഹിക്കാനും ക്ഷമിക്കാനും ഉപദേശിക്കുക, മനസ്സിന് ധൈര്യം പകരുന്ന കാര്യങ്ങൾ പറയുക ആദിയായതെല്ലാം സുന്നത്താണ്. നബി (സ) രോഗികളെ സന്ദർശിക്കുമ്പോൾ അവരെ ആശ്വസിപ്പിച്ചുകൊണ്ട് ഇപ്ര കാരം പറയാറുണ്ടായിരുന്നു. لاَ بَأْسَ طَهُورٌ إِنْ شَاءَ اللَّه (സാരമില്ല, അല്ലാഹു അനുഗ്രഹിച്ച് എല്ലാം ശരിപ്പെടും.)

നബി (സ) രോഗികൾക്കുവേണ്ടി ഇപ്രകാരം പ്രാർഥിക്കുമായിരുന്നു:

اللَّهُمَّ رَبَّ النَّاسِ أَذْهِبِ الْبَأْسَ اِشْفِ أَنْتَ الشَّافِي لاَ شِفَاءَ إِلَّا شِفَائُكَ شِفَاءً لاَ يُغَادِرُ سَقَمًا

(അല്ലാഹുവേ, മനുഷ്യരുടെ നാഥാ, ഈ വിഷമം ദൂരീകരിക്കുകയും രോഗശമനം നൽകുകയും ചെയ്യേണമേ. നീയാണ് ശമനം നൽകുന്നവൻ. നിന്റെ ശമനമല്ലാതെ ശമനമില്ല. രോഗം ശേഷിപ്പിക്കാത്ത ശമനം.)

ചെറുതും വലുതുമായ ഏതു രോഗത്തിലും സന്ദർശനം സുന്നത്താണ്. സന്ദർശകൻ രോഗിയുടെ അടുത്ത് ആവശ്യത്തിൽ കൂടുതൽ സമയം ചെല വഴിക്കരുത്. അതു രോഗിക്ക് വിഷമം സൃഷ്ടിക്കാം. മുസ്ലിമിന് അമുസ് ലിംകളെയും സ്ത്രീക്ക് പുരുഷനെയുമൊക്കെ സന്ദർശിക്കാവുന്നതാണ്. മദീനയിൽ ഹിജ്റ ചെയ്തു വന്ന ആദ്യനാളുകളിൽ അബൂബക്കറും (റ) ബിലാലും (റ) പനിപിടിച്ച് കിടന്നപ്പോൾ ആയിശ (റ) അവരിരുവരെയും സന്ദർശിച്ചിരുന്നു. നബി (സ) രോഗിയായ യഹൂദനെ സന്ദർശിച്ചിരുന്നു.

രോഗിയോട് പ്രാർഥിക്കാൻ ആവശ്യപ്പെടുന്നതും നല്ലതാണ്. നബി (സ) പറഞ്ഞതായി ഉമർ (റ) ഉദ്ധരിക്കുന്നു:

إِذَا دَخَلْتَ عَلَى مَرِيضٍ فَمُرْهُ فَلْيَدْعُ لَكَ فَإِنَّ دُعَائَهُ كَدُعَاءِ الْمَلَئِكَةِ (ابن ماجه)

(രോഗിയുടെ അടുത്ത് ചെന്നാൽ അയാളോട് പ്രാർഥിക്കാൻ പറയണം. കാരണം അയാളുടെ പ്രാർഥന മലക്കുകളുടെ പ്രാർഥന പോലെയാണ്.)

## രോഗചികിത്സ

രോഗം ബാധിച്ചാൽ ചികിത്സിക്കേണ്ടതാണ്. നബി(സ) പറഞ്ഞതായി ഇബ്നുമസ്ഊദ് (റ) ഉദ്ധരിക്കുന്നു:

إِنَّ اللَّهَ لَمْ يَنْزِلْ دَاءً إِلاَّ أَنْزَلَ لَهُ شِفَاءً فَتَدَاوُوا (النسائي، ابن ماجه، حاكم)

(അല്ലാഹു രോഗം നൽകിയിട്ടുണ്ടെങ്കിൽ അതിന് ശമനവും നിശ്ചയിച്ചി ട്ടുണ്ട്. അതിനാൽ നിങ്ങൾ ചികിത്സിക്കുക.)

മദ്യം തുടങ്ങിയ നിഷിദ്ധവസ്തുക്കൾ ഉപയോഗിച്ച് ചികിത്സിക്കുന്നത് നിഷിദ്ധമാണെന്നത്രെ ഭൂരിപക്ഷം പണ്ഡിതന്മാർ പറയുന്നത്. ചികിത്സാർഥം മദ്യം ഉപയോഗിക്കുന്നത് സംബന്ധിച്ച് ചോദിച്ചപ്പോൾ നബി (സ) ഇപ്രകാരം മറുപടി പറഞ്ഞു:

إِنَّهَا لَيْسَتْ بِدَوَاءٍ وَلَكِنَّهَا دَاءٌ (مسلم، أبو داود، الترمذي)

(അതു മരുന്നല്ല, മറിച്ച്, അതു രോഗമാണ്.)

ഭിഷഗ്വരൻ വിശ്വസ്തനും വൈദ്യം പഠിച്ചവനുമാവണം. അയാൾ മുസ് ലിമാവണമെന്നു നിർബന്ധമില്ല. ഏതു ഭിഷഗ്വരനോടും ചികിത്സ തേടാവു ന്നതാണ്. അപ്രകാരം തന്നെയാണ് മറ്റു സൗകര്യമില്ലാത്തപ്പോൾ പുരുഷൻ സ്ത്രീയെയും സ്ത്രീ പുരുഷനെയും ചികിത്സിക്കുന്നതും. രോഗിയുടെ ശരീരത്തിൽ ചികിത്സയ്ക്ക് ആവശ്യമായ ഏതു ഭാഗവും ഡോക്ടർക്ക് കാണാവുന്നതാണ്. റുബയ്യിഅ് ബിൻത് മുഅവ്വിദ് (റ) പറയുന്നു:

كُنَّا نَغْزُو مَعَ رَسُولِ اللَّهِ ﷺ نَسْقِي الْقَوْمَ وَنَخْدِمُهُمْ وَنَرُدُّ الْقَتْلَى والْجَرْحَى إِلَى الْمَدِينَةِ (البخاري)

(ഞങ്ങൾ സ്ത്രീകൾ റസൂലി(സ)ന്റെ കൂടെ യുദ്ധത്തിനു പോയിരുന്നു. ഞങ്ങൾ ഭടന്മാർക്ക് വെള്ളം കൊടുക്കുകയും അവരെ പരിചരിക്കുകയും കൊല്ലപ്പെട്ടവരെയും മുറിവ് പറ്റിയവരെയും മദീനയിലേക്ക് കൊണ്ടുപോവു കയും ചെയ്തിരുന്നു.)

പകർച്ചവ്യാധി ബാധിച്ചവർ അത് ബാധിച്ചിട്ടില്ലാത്ത നാട്ടിലേക്കും, അത് ബാധിക്കാത്ത നാട്ടിലുള്ളവർ രോഗമുള്ളിടത്തേക്കും യാത്രചെയ്യരുത്. നബി (സ) പറഞ്ഞതായി അബ്ദുർറഹ്മാനബ്നു ഔഫ് (റ) ഉദ്ധരിക്കുന്നു:

إِذَا سَمِعْتُمْ بِهِ فِي أَرْضٍ فَلاَ تَقْدُمُوا عَلَيْهَا وَإِذَا وَقَعَ بِأَرْضٍ وَأَنْتُمْ بِهَا فَلاَ تَخْرُجُوا فِرَارًا مِنْهُ (البخاري)

(ഏതെങ്കിലും പ്രദേശത്ത് പ്ലേഗുണ്ടെന്നു കേട്ടാൽ നിങ്ങൾ അവിടെ ചെല്ലരുത്. നിങ്ങളുടെ നാട്ടിൽ അത് പിടിപെട്ടാൽ നിങ്ങൾ അവിടെനിന്ന് ഓടിപ്പോകയും അരുത്.)

## മന്ത്രചികിത്സ

ചികിത്സയിൽ ഉപയോഗിക്കാറുള്ളതാണ് മന്ത്രം അഥവാ പ്രാർഥന. ഖുർആനോ സുന്നത്തിൽ വന്ന പ്രാർഥനകളോ ഉപയോഗിച്ച് മന്ത്രിക്കുന്നത് തെറ്റല്ല. അവ നബി (സ) അനുവദിച്ചതായി ഹദീഥുകളിൽനിന്ന് ഗ്രഹി ക്കാം. ഔഫ്ബ്നു മാലിക് (റ) പറയുന്നു:

كُنَّا نَرْقِى فِي الْجَاهِلِيَّةِ فَقُلْنَا: يَارَسُولَ اللَّهِ كَيْفَ تَرَى فِي ذَلِكَ؟ فَقَالَ: أَعْرِضُوا عَلَيَّ رُقَاكُمْ، لاَ بَأْسَ بِالرُّقَى مَالَمْ يَكُنْ فِيهِ شِرْكٌ (مسلم، أبو داود)

(ഞങ്ങൾ അനിസ്ലാമികകാലത്ത് മന്ത്രിക്കുമായിരുന്നു. ഞങ്ങൾ ചോദി ച്ചു: അല്ലാഹുവിന്റെ ദൂതരേ, അതു സംബന്ധിച്ച് താങ്കളുടെ അഭിപ്രായമെ ന്താണ്? അദ്ദേഹം പറഞ്ഞു: നിങ്ങളുടെ മന്ത്രം എന്നെ കാണിക്കുക. മന്ത്ര ത്തിൽ ശിർക്കില്ലെങ്കിൽ അതിന് വിരോധമില്ല.)

## ചരടും ഏലസ്സും

രോഗശമനം, കണ്ണേർ പറ്റാതിരിക്കാൻ തുടങ്ങിയ കാര്യങ്ങൾ ഉദ്ദേശിച്ച് ഏലസ്സും മന്ത്രച്ചരടും മറ്റും ഉപയോഗിക്കുന്നത് നബി(സ) നിരോധിച്ചിട്ടുണ്ട്. ഖദ്ർ വിശ്വാസത്തിനും തവക്കുലിനും വിരുദ്ധമാണത്. അതിൽ വിശ്വാസം അർപ്പിച്ച് അല്ലാഹുവിൽനിന്ന് മുഖം തിരിച്ചുകളയാനും കാരണമായിത്തീ രുന്നു. നബി (സ) പറഞ്ഞതായി ഉഖ്ബതുബ്നു ആമിർ (റ) ഉദ്ധരിക്കുന്നു:

مَنْ عَلَّقَ تَمِيمَةً فَلاَ أَتَمَّ اللَّهُ لَهُ وَمَنْ عَلَّقَ وَدَعَةً فَلاَ أَوْدَعَ اللَّهُ لَهُ (أحمد، حاكم، ابن حبان)

(ഏലസ്സ് കെട്ടുന്നവന് അല്ലാഹു ആഗ്രഹം പൂർത്തീകരിച്ചുകൊടുക്കാതി രിക്കട്ടെ. രക്ഷാകവചം കെട്ടുന്നവന് അല്ലാഹു സംരക്ഷണം നൽകാതിരി ക്കട്ടെ.)

ഭാര്യയുടെ കഴുത്തിൽ എന്തോ കെട്ടിക്കണ്ട അബ്ദുല്ലാഹിബ്നു മസ് ഊദ് (റ) അത് അറുത്തെറിഞ്ഞുകൊണ്ടു പറഞ്ഞു: നബി (സ) പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്:

إِنَّ الرُّقَى وَالتَّمَائِمَ وَالتِّوَلَةَ شِرْكٌ قَالُوا: يَا أَبَا عَبْدِ اللَّهِ هَذِهِ التَّمَائِمُ وَالرُّقَى قَدْ عَرَفْنَاهَا فَمَا التِّوَلَةُ؟ قَالَ: شَيْئٌ يَصْنَعُهُ النِّسَاءُ إِلَى أَزْوَاجِهِنَّ (حاكم، ابن حبان)

(മന്ത്രവും ഏലസ്സും കൂടോത്രവും ശിർക്കാകുന്നു. അവർ ചോദിച്ചു: അബൂഅബ്ദില്ല, തമാഇം, റുഖാ എന്നത് രണ്ടും എന്താണെന്ന് ഞങ്ങൾ ക്കറിയാം. എന്താണ് തിവലത്ത്? അദ്ദേഹം പറഞ്ഞു: സ്ത്രീകൾ ഭർത്താക്ക ന്മാരെ വശീകരിക്കാനുദ്ദേശിച്ചു ചെയ്യുന്ന സംഗതി.)

ശിർക്കുപരമായ കാര്യങ്ങളാണെങ്കിലാണ് ഇവ നിഷിദ്ധമാകുന്നത്. എന്നാൽ ഖുർആനിലും ഹദീഥിലും വന്ന പ്രാർഥനകൾ എഴുതിക്കെട്ടുന്നതു സംബന്ധിച്ച് പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്.

أَعُوذُ بِكَلِمَاتِ اللَّهِ التَّامَّةِ مِنْ غَضَبِهِ وَعِقَابِهِ وَشَرِّ عِبَادِهِ وَمِنْ هَمَزَاتِ الشَّيَاطِينِ وَأَنْ يَحْضُرُونَ

എന്ന പ്രാർഥന പഠിക്കാൻ കഴിവുള്ള സ്വന്തം മക്കളെ അബ്ദുല്ലാഹിബ്നു അംറുബ്നുൽആസ് (റ) അത് പഠിപ്പിക്കുകയും

തിർമുദിയും ഈ സംഭവം ഉദ്ധരിച്ചിട്ടുണ്ട്.

## മരണ സ്മരണ ( ذكر الموت)

ഇടയ്ക്കിടയ്ക്ക് മരണത്തെ ഓർമിക്കുകയും അതിനുവേണ്ടി ഒരുങ്ങിയി രിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ഇബ്നുഉമർ(റ) പറയുന്നു:

**أَتَيْتُ النَّبِيَّ ﷺ عَاشِرَ عَشَرَةٍ فَقَامَ رَجُلٌ مِنَ الأَنْصَارِ فَقَالَ : يَا نَبِيَّ اللَّهِ مَنْ أَكْيَسُ النَّاسِ وَأَحْزَمُ النَّاسِ ؟ قَالَ: أَكْثَرُهُمْ ذِكْرًا لِلْمَوْتِ وَأَكْثَرُهُمْ اِسْتِعْدَادًا لِلْمَوْتِ أُولَئِكَ الْأَكْيَاسُ، ذَهَبُوا بِشَرَفِ الدُّنْيَا وَكَرَامَةِ الْآخِرَةِ (الطبراني)**

(പത്തുപേരിൽ ഒരാളായി ഞാൻ നബി(സ)യെ സമീപിച്ചു. അപ്പോൾ അൻസാറുകളിൽപ്പെട്ട ഒരാൾ എഴുന്നേറ്റ് ചോദിച്ചു. അല്ലാഹുവിന്റെ പ്രവാ ചകരേ, തന്റേടിയും ദൃഢചിത്തനുമായ മനുഷ്യൻ ആരാണ്? നബി (സ) പറഞ്ഞു: മരണത്തെ കൂടുതലായി ഓർക്കുകയും മരണത്തിനുവേണ്ടി കൂടു തൽ തയാറെടുപ്പു നടത്തുകയും ചെയ്യുന്നവർ അവരാണ് തന്റേടികൾ. അവർ ഇഹത്തിലെ മഹത്വവും പരത്തിലെ അന്തസ്സും നേടിയെടുത്തു.)

എന്നാൽ രോഗം, ദാരിദ്ര്യം, ജീവിതപ്രയാസങ്ങൾ ആദിയായ കാരണ ങ്ങളാൽ 'മരിച്ചുകിട്ടിയെങ്കിൽ' എന്ന് കൊതിക്കുന്നത് തെറ്റാണ്. സഹനവും ക്ഷമയും കൈകൊള്ളുകയും അതിനുവേണ്ടി അല്ലാഹുവിനോട് പ്രാർഥി ക്കുകയുമാണ് അത്തരം ഘട്ടങ്ങളിൽ ചെയ്യേണ്ടത്. ഉമ്മുൽ ഫദ്ൽ (റ) പറ യുന്നു: രോഗബാധിതനായി കിടക്കുകയായിരുന്ന അബ്ബാസ് (റ) 'മരിച്ചുകി ട്ടിയെങ്കിൽ' എന്ന് പറഞ്ഞുകേട്ടപ്പോൾ നബി (സ) പറഞ്ഞു:

**يَا عَبَّاسُ يَاعَمَّ رَسُولِ اللَّهِ لا تَتَمَنَّ الْمَوْتَ إِنْ كُنْتَ مُحْسِنًا تَزْدَادُ إِحْسَانًا إِلَى إِحْسَانِكَ خَيْرٌ لَكَ، وَإِنْ كُنْتَ مُسِيئًا فَأَنْ تُؤَخَّرْ تَسْتَعْتِبْ خَيْرٌ لَكَ، فَلا تَمَنَّ الْمَوْتَ (أحمد، حاكم)**

(അബ്ബാസ്, അല്ലാഹുവിന്റെ ദൂതന്റെ പിതൃവ്യൻ, താങ്കൾ മരണം കൊതി ക്കരുത്. കാരണം, താങ്കൾ സുകൃതവാനാണെങ്കിൽ താങ്കൾക്ക് സുകൃതം വർധിപ്പിക്കാം. അത് താങ്കൾക്ക് നല്ലതാണ്. താങ്കൾ ദുഷ്കൃത്യം ചെയ്തവ നെങ്കിലോ, ജീവിതം നീട്ടിക്കിട്ടിയാൽ താങ്കൾക്ക് തെറ്റിൽനിന്ന് വിരമിക്കാം അതും താങ്കൾക്ക് നല്ലതാണ്. അതിനാൽ മരണം കൊതിക്കരുത്.)

അല്ലാഹുവിന്റെ കാരുണ്യത്തിൽ പ്രതീക്ഷ അർപ്പിക്കുകയും അവനെ സംബന്ധിച്ച് ശുഭാപ്തി വിശ്വാസം വെച്ചുപുലർത്തുകയും വേണം. ജീവിത പ്രയാസങ്ങളിൽ നിരാശപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം. മരിക്കുന്നതിനു മൂന്ന് ദിവസം മുമ്പ് നബി (സ) പറഞ്ഞതായി ജാബിർ (റ) ഉദ്ധരിക്കുന്നു:

**لا يَمُوتَنَّ أَحَدُكُمْ إِلَّا وَهُوَ يُحْسِنُ الظَّنَّ بِاللَّهِ (مسلم)**

(അല്ലാഹുവിനെ സംബന്ധിച്ചുള്ള ശുഭാപ്തി വിശ്വാസം പുലർത്തിക്കൊ ണ്ടല്ലാതെ നിങ്ങളിൽ ആരും മരിക്കാനിടവരരുത്.)

## ആത്മഹത്യ പാടില്ല

പ്രയാസങ്ങൾ കാരണമായി മരണം ആഗ്രഹിക്കാൻ പാടില്ലാത്തതുപോ ലെ സ്വയം മരണം വരിക്കാനും പാടില്ല. മാറാരോഗമോ, മാനസിക വിഷമ തകളോ, സാമ്പത്തിക പ്രയാസങ്ങളോ കാരണമായി ആത്മഹത്യ ചെയ്യു ന്നത് നിഷിദ്ധമാണ്. ഖുർആൻ പറയുന്നു:

**وَلا تُلْقُوا بِأَيْدِيكُمْ إِلَى التَّهْلُكَةِ (البقرة: ١٩٥)**

(നിങ്ങൾ സ്വന്തത്തെ നാശത്തിൽ ഇടരുത്.)

**وَلا تَقْتُلُوا أَنْفُسَكُمْ (النساء: ٢٩)**

(നിങ്ങൾ നിങ്ങളെത്തന്നെ കൊന്നുകളയരുത്) എന്നും ഖുർആൻ ആഹ്വാനം ചെയ്യുന്നു.

നബിതിരുമേനി (സ) അരുളിയതായി അബൂഹുറൈറ (റ) റിപ്പോർട്ടു ചെയ്യുന്നു.

ഒരാൾ ഇരുമ്പിന്റെ ആയുധമുപയോഗിച്ച് ആത്മഹത്യചെയ്താൽ നര കാഗ്നിയിൽ അവൻ ആ ആയുധവുമേന്തി അത് സ്വന്തം വയറ്റിൽ കുത്തിയി റക്കിക്കൊണ്ടേയിരിക്കും, വിഷം കുടിച്ച് ആത്മഹത്യ ചെയ്തവൻ നരകാ ഗ്നിയിൽ ആ വിഷം കുടിച്ചിറക്കിക്കൊണ്ടിരിക്കും, ഒരു മലമുകളിൽനിന്ന് ചാടി ആത്മഹത്യ ചെയ്താൽ അയാൾ നരകാഗ്നിയിൽ താഴോട്ടു പതിച്ചു കൊണ്ടേയിരിക്കും,

മനുഷ്യന് സുഖവും ദുഃഖവും ഗുണവും ദോഷവുമെല്ലാം അല്ലാഹുവി ന്റെ അറിവും തീരുമാനവുമനുസരിച്ചാണ് ഉണ്ടാവുന്നതെന്ന് അടിയുറച്ചു വിശ്വസിക്കുകയും, ദുഃഖകരമായ എന്തു സംഭവിച്ചാലും ക്ഷമ കൈക്കൊണ്ട് പ്രയാസങ്ങളകറ്റാൻ അല്ലാഹുവിനോട് പ്രാർഥിക്കുകയുമാണു വേണ്ടത്. അല്ലാഹു നല്കിയതാണ് ജീവൻ. അതിനെ സ്വയം നശിപ്പിക്കാൻ മനുഷ്യ ന്നവകാശമില്ല. ആത്മഹത്യചെയ്യുന്നത് ദൈവവിശ്വാസത്തിനെതിരാണ്.

## മരണം ആസന്നമായാൽ

മരണാസന്നനുമായി ബന്ധപ്പെട്ട് താഴെ കാര്യങ്ങൾ ചെയ്യാൻ മറ്റുള്ളവർ ശ്രദ്ധിക്കേണ്ടതാണ്.

1) അയാൾക്ക് لا إله إلا الله എന്ന് ചൊല്ലിക്കൊടുക്കുക.

**لَقِّنُوا مَوْتَاكُمْ لا إِلَهَ إِلَّا اللَّهُ (مسلم، أبو داود، الترمذي)**

(നിങ്ങൾ മരണാസന്നർക്ക് لا إلـه إلا اللـه എന്ന് ചൊല്ലിക്കൊടുക്കുക) എന്ന് നബി(സ) പറഞ്ഞതായി അബൂസഈദിൽ ഖിദ്‌രി (റ) ഉദ്ധരിച്ചിട്ടുണ്ട്. അയാൾ അത് ഒരിക്കൽ ചൊല്ലിയാൽ പിന്നെ മറ്റു വല്ലതും സംസാരിച്ചാൽ മാത്രമേ വീണ്ടും ചൊല്ലിക്കൊടുക്കേണ്ടതുള്ളൂ. അതുചൊല്ലാൻ നിർബന്ധി ക്കുകയോ ചൊല്ലാൻ പറയുകപോലുമോ ചെയ്യരുത്.

2) ഖിബ്‌ലക്കഭിമുഖമായി വലതുഭാഗത്തേക്ക് ചരിച്ച് കിടത്തുക. ഭൂരി പക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം ഇതാണ്. എന്നാൽ കാൽ രണ്ടും ഖിബ്‌ലയുടെ നേരെയാക്കി തല അല്പം ഉയർത്തിവെച്ച് മലർത്തിക്കിടത്തൽ ഉത്തമമെന്നാണ്

ഇമാംശാഫിഈ(റ)യുടെ അഭിപ്രായം.

3) മരണാസന്നന്റെ സമീപം സൂറഃ യാസീൻ ഓതുക. നബി (സ) പറ ഞ്ഞതായി അബൂദർറും അബുദ്ദർദാഉം (റ) ഉദ്ധരിക്കുന്നു:

مَا مِنْ مَيِّتٍ يَمُوتُ فَتُقْرَأُ عِنْدَهُ يسٓ إِلَّا هَوَّنَ اللَّهُ عَلَيْهِ (مُسْنَدُ الْفِرْدَوْس)

(മരിച്ചുകൊണ്ടിരിക്കുന്ന ഏതൊരാളുടെ അരികിൽ വെച്ചും യാസീൻ ഓതിയാൽ അല്ലാഹു അയാൾക്ക് ആശ്വാസം നൽകാതിരിക്കയില്ല.)

4) മരിച്ചുകഴിഞ്ഞാൽ കണ്ണു രണ്ടും അടയ്ക്കുക. അബൂസലമഃ (റ) മരി ച്ചപ്പോൾ നബി (സ) അദ്ദേഹത്തിന്റെ കണ്ണ് അടച്ചുകൊടുത്തിരുന്നു.

5) ശരീരം മുഴുവൻ ഒരു വസ്ത്രംകൊണ്ടു മൂടുക. തിരുശരീരം വരകളുള്ള വസ്ത്രം കൊണ്ട് മൂടിയിരുന്നതായി ആയിശ(റ) ഉദ്ധരിച്ചിട്ടുണ്ട്.

മൃതശരീരം ചുംബിക്കാവുന്നതാണ്. നബി (സ) ഉഥ്മാനുബ്നു മള്ഊനി നെയും അബൂബകർ(റ) നബി(സ)യെയും മരണശേഷം ചുംബിച്ചതായി റിപ്പോർട്ടുകളുണ്ട്.

6). എത്രയും വേഗം മയ്യിത്ത് സംസ്കരിക്കുക. മരണശയ്യയിൽ കിടക്കു കയായിരുന്ന ത്വൽഹത്ബ്നു ബറാഉ(റ)നെ സന്ദർശിച്ച ശേഷം നബി (സ) പറഞ്ഞു:

إِنِّي لا أَرَى طَلْحَةَ إِلَّا قَدْ حَدَثَ فِيهِ الْمَوْتُ فَأْذِنُونِي بِهِ وَعَجِّلُوا فَإِنَّهُ لا يَنْبَغِي لِجِيفَةِ مُسْلِمٍ أَنْ تُحْبَسَ بَيْنَ ظَهْرَيْ أَهْلِهِ (أبو داود)

(ത്വൽഹയ്ക്കു മരണം സംഭവിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അതിനാൽ എന്നെ വിവരം അറിയിക്കുകയും കാര്യങ്ങൾ വേഗത്തിലാക്കു കയും ചെയ്യുക. കാരണം ഒരു മുസ്‌ലിമിന്റെയും ജഡം അയാളുടെ വീട്ടുകാ രുടെ മുമ്പിൽ വെച്ചുകൊണ്ടിരിക്കാവതല്ല.)

സംസ്കരണത്തിന് മയ്യിത്തിന്റെ വലിയ്യി(കൈകാര്യാവകാശി)നെയല്ലാ തെ മറ്റാരെയും കാത്തിരിക്കേണ്ടതില്ല. വലിയ്യിനെ തന്നെയും കാത്തിരിക്കേ ണ്ടത് മൃതശരീരത്തിന് പറയത്തക്ക മാറ്റമൊന്നും സംഭവിക്കുകയില്ലെങ്കിലാ ണ്. നബി (സ) അലി (റ) യോട് പറഞ്ഞു:

يَا عَلِيُّ ثَلاثًا لا تُؤَخِّرْهَا' الصَّلاةُ إِذَا أَتَتْ وَالْجَنَازَةُ إِذَا حَضَرَتْ وَالْأَيِّمُ إِذَا وَجَدَتْ كُفْئًا (أحمد، الترمذي)

(അലീ, മൂന്നു കാര്യങ്ങൾ വെച്ചുതാമസിപ്പിക്കരുത്. നമസ്കാരം സമയ മായാൽ, ജനാസ മുമ്പിലെത്തിക്കഴിഞ്ഞാൽ, അവിവാഹിത അനുയോജ്യനെ കിട്ടിക്കഴിഞ്ഞാൽ.)

7) മയ്യിത്തിന് കടബാധ്യതയുണ്ടെങ്കിൽ കഴിയുംവേഗം അത് കൊടുത്ത് തീർക്കണം. അതു കഴിഞ്ഞേ അയാളുടെ സമ്പത്ത് ഭാഗിക്കാൻ പാടുള്ളൂ. നബി (സ) പറഞ്ഞതായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു:

نَفْسُ الْمُؤْمِنِ مُعَلَّقَةٌ بِدَيْنِهِ حَتَّى يُقْضَي عَنْهُ (أحمد، ابن ماجه، الترمذي)

(വിശ്വാസിയുടെ ആത്മാവ് അവന്റെ കടംവീട്ടുംവരെ അതുമായി കെട്ടു പിണഞ്ഞിരിക്കും.)

കടംവീട്ടാതെ മരിച്ച ആളുകൾക്ക് വേണ്ടി നബി (സ) ജനാസ നമസ്ക രിക്കാതെ മറ്റു സഹാബിമാരോട് നമസ്കരിക്കാൻ പറയുകയാണു ചെയ്തി രുന്നത്. ഇത് കടത്തിന്റെ ഗൗരവം കുറിക്കുന്നു.

ഒരാൾ മരിച്ചു എന്ന് കേട്ടാലും മറ്റു വിപത്തുകൾ ബാധിച്ചാലും

**إنا لله وإنا إليه راجعون** എന്ന് പറയലും മരിച്ച ആൾക്കുവേണ്ടി പ്രാർഥിക്കലും സുന്നത്താണ്. ഖുർആൻ പറയുന്നു:

الَّذِينَ إِذَا أَصَابَتْهُمْ مُصِيبَةٌ قَالُوا إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ (البقرة)

(വല്ല വിഷമവും ബാധിച്ചാൽ 'നാം അല്ലാഹുവിനടിമപ്പെട്ടവരും, അല്ലാ ഹുവിങ്കലേക്കുതന്നെ മടങ്ങുന്നവരുമാണ്' എന്നു പറയുന്നവരാണവർ.)

നബി (സ) പറഞ്ഞതായി ഉമ്മുസലമ (റ) ഉദ്ധരിക്കുന്നു:

مَامِنْ عَبْدٍ تُصِيبُهُ مُصِيبَةٌ فَيَقُولُ إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ اَللَّهُمَّ أَجِرْنِي فِي مُصِيبَتِي وَأَخْلِفْ لِي خَيْرًا مِنْهَا إِلَّا أَجَرَهُ اللَّهُ تَعَالَى مُصِيبَتَهُ وَأَخْلَفَ لَهُ خَيْرًا مِنْهَا (أحمد، مسلم)

(എന്തെങ്കിലും വിപത്ത് ബാധിച്ച മനുഷ്യൻ

إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ اَللَّهُمَّ أَجِرْنِي فِي مُصِيبَتِي وَأَخْلِفْ لِي خَيْرًا مِنْهَا

എന്ന് പറഞ്ഞാൽ അല്ലാഹു ആ വിപത്തിന്റെ പേരിൽ അയാൾക്ക് പ്രതിഫലം നൽകുകയും അതിലും ഉത്തമമായത് പകരം നൽകുകയും ചെയ്യാതിരിക്കു കയില്ല.)

മരണവൃത്താന്തം ബന്ധുക്കളെയും സുഹൃത്തുക്കളെയും അറിയിക്കൽ നല്ലതാണ്. അവർക്കെല്ലാവർക്കും മയ്യിത്ത് സംസ്കരണത്തിൽ പങ്കുകൊ ള്ളാൻ സൗകര്യപ്പെടാനാണത്. എത്യോപ്യയിൽ നജാശി മരിച്ച വിവരം നബി (സ) സഹാബിമാരെ അറിയിക്കുകയും അദ്ദേഹത്തിനുവേണ്ടി അവരോടൊപ്പം മയ്യിത്ത് നമസ്കരിക്കുകയും ചെയ്തിട്ടുണ്ട്. സൈദുബ്നു ഹാരിഥ, ജഅ്ഫറുബ്നു അബീതാലിബ്, അബ്ദുല്ലാഹിബ്നു റവാഹ (റ) എന്നിവർ യുദ്ധത്തിൽ ശഹീദായതിനെപ്പറ്റി നബി (സ) സഹാബിമാർക്ക് അപ്പപ്പോൾ വിവരം നൽകിക്കൊണ്ടിരുന്നു.

മയ്യിത്തിന്റെ പേരിൽ അലമുറയിട്ട് വിലപിക്കുന്നത് നിഷിദ്ധമാണ്. ഒച്ച യും ബഹളവുമില്ലാതെ വിതുമ്പുകയും കണ്ണീരൊഴുക്കുകയും ചെയ്യുന്നത് തെറ്റല്ല. അത് മനുഷ്യസഹജമായ ദുഃഖത്തിന്റെ ലക്ഷണമാണ്. മകൻ ഇബ്രാഹീം മരിച്ചപ്പോഴും, സൈനബിന്റെ മകൾ ഉമൈമ മരിച്ചപ്പോഴും നബി (സ) കണ്ണീരൊഴുക്കി വിതുമ്പുകയുണ്ടായി.

എന്നാൽ മരിച്ചവരെച്ചൊല്ലി ഒച്ചവെച്ചു കരയുന്നതും മുടി അഴിച്ചിട്ടും മുഖത്തടിച്ചും വസ്ത്രം വലിച്ചുകീറിയും ദുഃഖം പ്രകടിപ്പിക്കുന്നതും അനു വദനീയമല്ല. അബൂമൂസൽ അശ്അരി(റ) പറഞ്ഞതായി ഉദ്ധരിക്കപ്പെടുന്നു:

أَنَا بَرِيءٌ مِمَّنْ بَرِئَ مِنْهُ رَسُولُ اللَّهِ ﷺ إِنَّ رَسُولَ اللَّهِ ﷺ بَرِئَ مِنَ الصَّالِقَةِ وَالْحَالِقَةِ وَالشَّاقَّةِ (متفق عليه)

(നബി(സ)ക്കു ബന്ധമില്ലാത്തവരുമായി എനിക്കും ബന്ധമില്ല. (മരിച്ചവ രെച്ചൊല്ലി) ഒച്ചവെച്ചു കരയുന്നവരുമായും തലമുണ്ഡനം ചെയ്യുന്നവരുമാ യും മാറിടം മാന്തിക്കീറുന്നവരുമായും നബി(സ)യ്ക്കു ബന്ധമില്ല.)

## ദുഃഖപ്രകടനം (ഇദ്ദ) الْعِدَّةُ

പിതാവ്, പിതാമഹൻ, പിതൃവ്യൻ, സഹോദരൻ തുടങ്ങി ബന്ധപ്പെട്ടവർ ആരെങ്കിലും മരിച്ചാൽ സ്ത്രീകൾ ആഭരണം, വർണങ്ങളുള്ള വസ്ത്രം, മൈലാഞ്ചി, സുറുമ, സുഗന്ധദ്രവ്യം ആദിയായവ ഉപേക്ഷിക്കുന്നതാണ് ദുഃഖപ്രകടനം (ഇദ്ദ) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഭർത്താവ് അനുവദി ക്കുമെങ്കിൽ മൂന്നു ദിവസം അവൾക്ക് അതിന് അനുവാദമുണ്ട്. ഭർത്താവ് മരിച്ചാൽ അതു നാലുമാസവും പത്തുദിവസവും പൂർണമായി ആചരിക്ക ണം. അതു നിർബന്ധമാണ്.

നബി (സ) പറഞ്ഞതായി ഉമ്മുഅത്വിയ്യ (റ) ഉദ്ധരിക്കുന്നു:

لاَ تَحُدُّ امْرَأَةٌ عَلَى مَيِّتٍ فَوْقَ ثَلاثٍ إِلاَّ عَلَى زَوْجٍ فَإِنَّهَا تَحُدُّ عَلَيْهِ أَرْبَعَةَ أَشْهُرٍ وَ عَشْرًا وَلاَ تَلْبَسْ ثَوْبًا مَصْبُوغًا إِلاَّ ثَوْبَ عَصْبٍ وَلاَ تَكْتَحِلْ وَلاَ تَمَسُّ طِيبًا وَلاَ تَخْتَضِبْ وَلاَ تَمْشُطْ إِلاَّ إِذَا طَهُرَتْ تَمَسُّ نَبْذَةً مِنْ قِسْطٍ أَوْ أَظْفَارٍ (رواه الجماعة إلا الترمذي)

(ഭർത്താവിന്റെ പേരിലല്ലാതെ മറ്റാരുടെ മരണത്തിനുവേണ്ടിയും സ്ത്രീ മൂന്നുദിവസത്തിൽ കൂടുതൽ ദുഃഖമാചരിക്കരുത്. ഭർത്താവിനു വേണ്ടിയാ വുമ്പോൾ അവൾ നാലു മാസവും പത്തു ദിവസവും ദുഃഖമാചരിക്കണം. അസ്ബ് ഒഴിച്ച് അവൾ ചായം മുക്കിയ വസ്ത്രം അണിയരുത്. സുറുമയിട രുത്. സുഗന്ധം പുരട്ടരുത്. മൈലാഞ്ചി ഇടരുത്. മുടി ചീകരുത്. അവൾ ആർത്തവം കഴിഞ്ഞ് ശുദ്ധിയായാൽ ഖുസ്ത്, അള്ഫാർ തുടങ്ങിയുള്ള സുഗന്ധ വസ്തുക്കളിൽനിന്ന് അല്പം ഉപയോഗിക്കാം.)

## പരേതന്റെ വീട്ടുകാർക്ക് ഭക്ഷണം നൽകൽ

മരണപ്പെട്ട ആളുകളുടെ വീട്ടുകാർക്ക് മരിച്ച ദിവസം രാവും പകലും മറ്റുബന്ധുക്കളോ അയൽവാസികളോ ഭക്ഷണമുണ്ടാക്കിക്കൊടുക്കൽ സുന്നത്താണ്. ഭക്ഷണം കഴിക്കാൻ അവരെ നിർബന്ധിക്കുകയും ചെയ്യാം. ജഅ്ഫറുബ്നു അബീതാലിബ് മൂഅ്ത്താ യുദ്ധത്തിൽ വധിക്കപ്പെട്ടപ്പോൾ നബി(സ) ഇപ്രകാരം നിർദ്ദേശിച്ചതായി അബ്ദുല്ലാഹിബ്നു ജഅഫർ ഉദ്ധ രിക്കുന്നു:

اِصْنَعُوا لِآلِ جَعْفَرٍ طَعَامًا فَإِنَّهُ قَدْ أَتَاهُمْ أَمْرٌ يُشْغِلُهُمْ (أبو داود، ابن ماجه، الترمذي)

(ജഅ്ഫറിന്റെ കുടുംബത്തിന് ഭക്ഷണമുണ്ടാക്കികൊടുക്കുക. അവർക്കു പ്രയാസമുണ്ടാക്കുന്ന പ്രശ്നം അവരെ ബാധിച്ചിരിക്കുന്നുവല്ലോ.)

മയ്യിത്തിന്റെ വീട്ടുകാർ ഭക്ഷണം ഉണ്ടാക്കി മറ്റുള്ളവർക്ക് സദ്യ ഒരുക്കു ന്നത് തെറ്റാണെന്ന കാര്യത്തിൽ പണ്ഡിതൻമാർ ഏകാഭിപ്രായക്കാരാണ്. എന്നാൽ അകലെ നിന്ന് വരുന്ന ആളുകൾക്ക് ഭക്ഷണം കിട്ടാൻ വേറെ മാർ ഗമില്ലെങ്കിൽ മയ്യിത്തിന്റെ ആളുകൾ അവർക്കുവേണ്ടി ഭക്ഷണമുണ്ടാക്കി നൽകുന്നതു കുറ്റകരമല്ല. എന്നല്ല അതു അനിവാര്യവുമാകും.

മരണത്തിനു മുമ്പേ മയ്യിത്തിനെ പൊതിയാനുള്ള വസ്ത്രം ഒരുക്കുന്ന തും ഖബർ ശരിയാക്കിവെക്കുന്നതും തെറ്റല്ല. ഒരു പ്രത്യേക സ്ഥലത്തുതന്നെ ഖബറടക്കണമെന്ന് വസിയ്യത്ത് ചെയ്യുകയും ആവാം. സഹാബിമാരും താബിഉകളുമായ പലരും അപ്രകാരം ചെയ്തിട്ടുണ്ട്.

മക്കയിലെയോ മദീനയിലെയോ ഹറമിൽവെച്ച് മരിക്കാൻ കൊതിക്കുക യും അതിനുവേണ്ടി പ്രാർഥിക്കുകയും ചെയ്യാവുന്നതാണ്. ഉമർ (റ) അങ്ങ നെ പ്രാർഥിച്ചതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

കുട്ടികൾ മരിച്ചാൽ അതിന്റെ പേരിൽ ക്ഷമിക്കുന്ന രക്ഷിതാക്കൾക്ക് സ്വർഗം പ്രതിഫലമായി ലഭിക്കുമെന്ന് നബി(സ) പറഞ്ഞതായി ഇമാം ബുഖാരി ഉദ്ധരിച്ചിരിക്കുന്നു.

## മയ്യിത്ത് സംസ്കരണം

മുസ്‌ലിംമയ്യിത്തിന്റെ സംസ്കരണം മയ്യിത്ത് സ്ഥിതിചെയ്യുന്ന പ്രദേശ ക്കാരുടെ സാമൂഹ്യബാധ്യതയാണ്. കുളിപ്പിക്കുക, വസ്ത്രത്തിൽ പൊതി യുക (കഫൻ), നമസ്കരിക്കുക, ഖബറടക്കുക ഇത്രയുമാണ് മയ്യിത്ത് സംസ്കരണം കൊണ്ടുദ്ദേശിക്കുന്നത്.

അപകടം മൂലമോ മറ്റോ മരിച്ചവരുടെ ശരീരഭാഗം വല്ലതുമാണ് ലഭിച്ച തെങ്കിൽ പോലും കുളിപ്പിക്കുകയും കഫൻചെയ്യുകയും നമസ്കരിക്കുകയും ചെയ്യൽ നിർബന്ധമാണെന്നാണ് ശാഫിഈ മദ്ഹബ്.

ഇസ്‌ലാമിന്റെ ശത്രുക്കളുമായുള്ള യുദ്ധത്തിൽ കൊല്ലപ്പെട്ട ആളുകളെ (ശഹീദ്) കുളിപ്പിക്കുകയോ അവർക്കുവേണ്ടി മയ്യിത്ത് നമസ്കരിക്കുകയോ ചെയ്യേണ്ടതില്ല. അവരെ അതേപടി കഫൻ ചെയ്തു ഖബറടക്കുകയാണ് വേണ്ടത്.

ഇസ്‌ലാമിന്റെ ശത്രുക്കളുമായുള്ള യുദ്ധത്തിൽ വധിക്കപ്പെട്ടവർക്കുപുറമെ പ്ലേഗ്ബാധ, മുങ്ങിമരണം പാർശ്വശൂലം, ഉദരരോഗം, തീപൊള്ളൽ എന്നിവ യാൽ മരണപ്പെട്ടവരും വീടും മറ്റും തകർന്നുവീണു മരിച്ചവരും, പ്രസവ വേദനയിൽ മരിച്ച സ്ത്രീകളുമെല്ലാം ശുഹദാഇന്റെ ഗണത്തിൽ പെടും. നബി(സ) പറഞ്ഞതായി ജാബിറുബ്നു അതീക് (റ) ഉദ്ധരിക്കുന്നു.

الشَّهَادَةُ سَبْعٌ سِوَى الْقَتْلِ فِي سَبِيلِ اللَّهِ الْمَطْعُونُ شَهِيدٌ وَالْغَرِقُ شَهِيدٌ وَصَاحِبُ ذَاتِ الْجَنْبِ شَهِيدٌ وَالْمَبْطُونُ شَهِيدٌ وَصَاحِبُ الْحَرْقِ شَهِيدٌ وَالَّذِي يَمُوتُ تَحْتَ الْهَدْمِ شَهِيدٌ وَالْمَرْأَةُ تَمُوتُ بِجَمْعٍ شَهِيدَةٌ (أحمد، أبو داود، النسائي)

എന്നാൽ ഇസ്‌ലാമിന്റെ ശത്രുക്കളുമായുള്ള യുദ്ധത്തിൽ കൊല്ലപ്പെട്ട വരൊഴിച്ചുള്ള മറ്റു ശുഹദാക്കളെയെല്ലാം കുളിപ്പിക്കലും അവർക്ക് വേണ്ടി നമസ്കരിക്കലും നിർബന്ധമാണ്.

അമുസ്‌ലിമിനെ കുളിപ്പിക്കലും കഫൻ ചെയ്യലും മറമാടലുമൊന്നും മുസ്‌ലിമിന് ബാധ്യതയില്ല. അതു നിർവഹിക്കാൻ മറ്റാരുമില്ലെങ്കിൽ മുസ്‌ലിമിന് അതു ചെയ്യാം.

## കുളിപ്പിക്കേണ്ട രീതി

മൃതശരീരം മുഴുവൻ ഒരു തവണ വെള്ളം നനക്കുക എന്നതാണ് കുളി യിൽ നിർബന്ധം. പൂർണരൂപം താഴെ പറയും വിധമാണ്.

മയ്യിത്തിനെ നിലത്തുനിന്ന് വെള്ളം തെറിക്കാത്തവിധം അല്പം ഉയര മുള്ള ഒരിടത്ത് കിടത്തുക. ഒരു തുണികൊണ്ട് ഔറത്ത് മറച്ചശേഷം സാധാരണ വസ്ത്രങ്ങൾ നീക്കുക. കുളിപ്പിക്കാൻ അവശ്യം വേണ്ട ആളു കൾ, അതും വിശ്വസ്തർ മാത്രമേ കുളിപ്പിക്കുന്നിടത്ത് പ്രവേശിക്കാവൂ. ആവ ശ്യമെങ്കിൽ വെള്ളം ചൂടാക്കാം. കുളിപ്പിക്കുകയാണെന്ന നിയ്യത്തോടുകൂടി തുടങ്ങുക. മയ്യിത്തിന്റെ വലതുഭാഗത്ത്കൂടി താങ്ങി അരക്കുമേലോട്ടു അല്പം പൊക്കി ഇടതുകൈകൊണ്ട് വയർ മൃദുലമായി അല്പം തടവുക. മാലിന്യങ്ങളുണ്ടെങ്കിൽ പോകാനാണിത്. ഇടതുകൈയിൽ ശീലയോ മറ്റോ ചുറ്റി മലമൂത്രവിസർജ്ജനദ്വാരങ്ങൾ കഴുകിയശേഷം നമസ്കാരത്തിനെന്ന പോലെ വുദു ഉണ്ടാക്കിക്കൊടുക്കുക. പിന്നെ തലയിൽ വെള്ളം ഒഴിക്കുക. പിന്നെ വലതുഭാഗവും ഇടതുഭാഗവും കഴുകുക. ചെളിയും മറ്റും പോവാൻ സോപ്പോ, താളിയോ ഉപയോഗിക്കണം. സ്ത്രീകളുടെ മുടി അഴിച്ച് ഉള്ളിൽ വെള്ളം ചേർത്ത് കഴുകി മൂന്നായിമെടഞ്ഞ് പിന്നിലേക്ക് ഞാത്തിയിടണം. ശരീരം ചുരുങ്ങിയതു മൂന്നുതവണ കഴുകണം. കൂടുതൽ തവണ കഴുകണ മെന്നുണ്ടെങ്കിൽ അഞ്ച്, ഏഴ് എന്നിങ്ങനെ ഒറ്റയിൽ അവസാനിപ്പിക്കണം. അവ സാനതവണ വെള്ളത്തിൽ അല്പം കർപ്പൂരം ചേർക്കണം. കുളിപ്പിച്ച് കഴിഞ്ഞാൽ വൃത്തിയുള്ള നേരിയ തുണികൊണ്ട് ശരീരം തുവർത്തണം. കഫൻപുടവ നനയാതിരിക്കാൻ അതാവശ്യമാണ്. അനന്തരം മൂന്നുതവണ സാമ്പ്രാണിയോ മറ്റോ പുകയ്ക്കണം. മയ്യിത്തിന്റെ നഖം, രോമം ആദിയാ യവ മുറിച്ചുകളയാൻ പാടില്ല. കുളിപ്പിച്ചശേഷം കഫൻ ചെയ്യുന്നതിനുമുമ്പ് മലമൂത്രാദി വല്ല നജസും പുറത്തുവന്നാൽ ആ ഭാഗം മാത്രം കഴുകിയാൽ മതി. മയ്യിത്ത് കുളിപ്പിക്കുന്നതു സംബന്ധിച്ച് ഉമ്മു അതിയ്യ (റ) പറയുന്നു.

**دَخَلَ عَلَيْنَا رَسُولُ اللَّهِ ﷺ حِينَ تُوفِيَتْ اِبْنَتُهُ فَقَالَ: اِغْسِلْنَهَا ثَلاَثًا أَوْ خَمْسًا أَوْ أَكْثَرَ مِنْ ذَلِكَ إِنْ رَأَيْتُنَّ بِمَاءٍ وَسِدْرٍ وَاجْعَلْنَ فِي الْأَخِيرَةِ كَافُورًا أَوْشَيْئًا مِنْ كَافُورٍ فَإِذَا فَرَغْتُنَّ فَآذِنَّنِي فَلَمَّا فَرَغْنَا آذَنَّاهُ فَأَعْطَانَا حِقْوَهُ فَقَالَ أَشْعِرْنَهَا إِيَّاهُ (رواه الجماعة)**

(മകൾ മരിച്ചപ്പോൾ റസൂൽ (സ) ഞങ്ങളുടെ അടുത്ത് വന്നു പറഞ്ഞു. വെള്ളവും താളിയും ഉപയോഗിച്ച് മൂന്നോ അഞ്ചോ – വേണമെന്ന് നിങ്ങൾ ക്ക് തോന്നുന്നുവെങ്കിൽ – അതിൽ കൂടുതലോ തവണ നിങ്ങൾ അവളെ കുളിപ്പിക്കുക. അവസാന തവണ അല്പം കർപ്പൂരവും ചേർക്കുക. കുളിപ്പി ച്ചുകഴിഞ്ഞാൽ വിവരം എന്നെ അറിയിക്കുക. അങ്ങനെ കുളിപ്പിച്ചുകഴിഞ്ഞ പ്പോൾ ഞങ്ങൾ നബി(സ)യെ അറിയിച്ചു. അപ്പോൾ അദ്ദേഹം തന്റെ തുണി നൽകിയിട്ട് അത് അവരുടെ അടിവസ്ത്രമായി ധരിപ്പിക്കാൻ പറഞ്ഞു.)

മറ്റൊരു റിപ്പോർട്ട് ഇപ്രകാരമാണ്. നബി (സ) പറഞ്ഞു:

**اِبْدَأْنَ بِمَيَامِنِهَا وَمَوَاضِعِ الْوُضُوءِ مِنْهَا**

(അവളുടെ വലതുഭാഗത്തുനിന്ന്, അവളുടെ വുദുവിന്റെ അവയവങ്ങൾ കൊണ്ട് തുടങ്ങുക.)

കുളിപ്പിക്കാൻ വെള്ളം ലഭിക്കാതെ വരികയോ, കുളിപ്പിക്കാൻ പറ്റാത്ത വിധം മയ്യിത്ത് അഴുകിപ്പോവുകയോ, കുളിപ്പിക്കാൻ പറ്റിയ ബന്ധുക്കളാരു മില്ലാത്തവിധം പുരുഷൻമാർ മാത്രമുള്ളിടത്ത് വെച്ച് സ്ത്രീയോ, സ്ത്രീകൾ മാത്രമുള്ളിടത്ത് പുരുഷനോ മരിക്കുകയോ ചെയ്താൽ തയമ്മും ചെയ്യുക യാണ് വേണ്ടത്.

ഭാര്യയെ ഭർത്താവിനും ഭർത്താവിനെ ഭാര്യയ്ക്കും കുളിപ്പിക്കാവുന്ന താണ്. അലി(റ)യാണ് ഫാതിമ(റ)യെ കുളിപ്പിച്ചത്. ആയിശ(റ) പറഞ്ഞു:

**لَوْ اسْتَقْبَلْتُ مِنْ أَمْرِي مَا اسْتَدْبَرْتُ مَا غَسَلَ النَّبِيَّ ﷺ إِلَّانِسَاؤُهُ (أحمد، أبوداود، حاكم)**

(ഞാൻ പിന്നീടറിഞ്ഞത് നേരത്തെ അറിഞ്ഞിരുന്നുവെങ്കിൽ നബി (സ)യെ അവിടുത്തെ ഭാര്യമാർ മാത്രമേ കുളിപ്പിക്കുമായിരുന്നുള്ളൂ.)

ചെറിയ ആൺകുട്ടിയെ സ്ത്രീകൾക്കു കുളിപ്പിക്കാമെന്ന കാര്യത്തിൽ തർക്കമില്ല.

## കഫൻ ചെയ്യുന്ന രീതി

ശരീരം മുഴുവൻ മൂടുംവിധം മൃതശരീരത്തെ തുണികൊണ്ടോ മറ്റോ പൊതിയുകയാണ് കഫൻ ചെയ്യുന്നതിന്റെ പ്രഥമവും നിർബന്ധവുമായ രീതി. പൂർണരൂപം താഴെ:

ശരീരം മുഴുവൻ മൂടാൻ പറ്റിയ വൃത്തിയുള്ള നല്ല വസ്ത്രം എടുക്കുക. വെളുത്ത വസ്ത്രമാണുത്തമം. ഊദുകൊണ്ടോ മറ്റോ അത് പുകയ്ക്കുകയും സുഗന്ധദ്രവ്യം തളിക്കുകയും ചെയ്യുക. പുരുഷന് മൂന്നും സ്ത്രീക്ക് അഞ്ചും കഷ്ണം തുണിയാണ് വേണ്ടത്. നബി(സ) പറഞ്ഞതായി അബൂഖതാദ (റ) ഉദ്ധരിക്കുന്നു.

**إِذَا وَلِيَ أَحَدُكُمْ أَخَاهُ فَلْيُحْسِنْ كَفَنَهُ (ابن ماجه، الترمذي)**

(നിങ്ങളിൽ ആരെങ്കിലും തന്റെ സഹോദരന്റെ കാര്യം ഏറ്റെടുക്കുകയാ ണെങ്കിൽ അവനെ ഭംഗിയായി കഫൻ ചെയ്യണം.)

നബി (സ) പറഞ്ഞതായി ഇബ്നു അബ്ബാസ് (റ) ഉദ്ധരിക്കുന്നു.

**اِلْبَسُوا مِنْ ثِيَابِكُمُ الْبِيضَ فَإِنَّهَا مِنْ خَيْرِ ثِيَابِكُمْ وَكَفِّنُوا فِيهَا مَوْتَاكُمْ (أحمد، ابوداود, الترمذي)**

(നിങ്ങൾ വെള്ളവസ്ത്രം ധരിക്കുക. അത് നിങ്ങളുടെ ഉത്തമ വസ്ത്ര മാണ്. മരണപ്പെട്ടവരെ നിങ്ങൾ അതിൽ കഫൻചെയ്യുക.)

നബി (സ) പറഞ്ഞതായി ജാബിർ (റ) ഉദ്ധരിക്കുന്നു.

**إِذَا أَجْمَرْتُمُ الْمَيِّتَ فَأَجْمِرُوهُ ثَلاَثًا (أحمد، حاكم)**

(മയ്യിത്തിനു മൂന്നുപ്രാവശ്യം സുഗന്ധധൂമം കൊള്ളിക്കുക.)

**كُفِنَ رَسُولُ اللَّهِ ﷺ فِي ثَلاَثَةِ أَثْوَابٍ بِيضٍ سَحُولِيَّةٍ جُدَدٍ لَيْسَ فِيهَا قَمِيصٌ وَلاَ عِمَامَةٌ (رواه الجماعة)**

(വെളുത്ത പുതിയ മൂന്ന് കഷ്ണം സഹൂലീ വസ്ത്രത്തിലാണ് നബി (സ) യെകഫൻചെയ്തത്. അതിൽകുപ്പായവും തലപ്പാവുമില്ലായിരുന്നു.)

ഉമ്മു അതിയ്യ (റ) പറയുന്നു:

(മകൾ സൈനബി(റ)നെ കഫൻചെയ്യാൻ ഒരു ഉടുമുണ്ടും ഒരു കുപ്പായ വും മുഖമക്കനയും രണ്ടുകഷ്ണം തുണിയും നബി(സ) അവരെ ഏല്പിച്ചു.)

ഹജ്ജിൽ ഏർപ്പെട്ട ആൾ മരിച്ചാൽ മറ്റുള്ളവരെ കുളിപ്പിക്കും പ്രകാരം അയാളെയും കുളിപ്പിക്കണം. എന്നാൽ ഇഹ്റാമിന്റെ വസ്ത്രത്തിലാവണം അയാളെ കഫൻ ചെയ്യുന്നത്. പുരുഷന്റെ തലമൂടുകയോ സുഗന്ധം തളിക്കു കയോ ചെയ്യരുത്. ഇഹ്റാമിലെ അവസ്ഥ തുടരുകയാണ് അയാളുടെ കാര്യത്തിൽ ചെയ്യേണ്ടത്. ഇബ്നു അബ്ബാസ് (റ) പറയുന്നു:

بَيْـنَـمَـا رَجُـلٌ وَاقِفٌ مَـعَ رَسُـولِ اللَّهِ ﷺ بِعَرَفَةَ إِذْ وَقَعَ عَنْ رَاحِلَتِهِ فَوَقَصَتْهُ فَذُكِرَ ذَلِكَ لِلنَّبِيِّ ﷺ فَقَالَ: اغْسِلُوهُ بِمَاءٍ وَسِدْرٍ وَكَفِّنُوهُ فِي ثَوْبَيْهِ وَلاَ تُحَنِّطُوهُ وَلاَ تُخَمِّرُوا رَأْسَهُ فَإِنَّ اللَّهَ تَعَالَى يَبْعَثُهُ يَوْمَ الْقِيَمَةِ مُلَبِّيًا (رواه الجماعة)

(ഒരാൾ റസൂലി(സ)ന്റെ കൂടെ അറഫയിൽ നിൽക്കുമ്പോൾ വാഹന പ്പുറത്തുനിന്ന് വീണ് കഴുത്തൊടിഞ്ഞ് മരിച്ചു. സംഭവം നബി(സ)യോട് പറഞ്ഞു: അപ്പോൾ അവിടുന്നു പറഞ്ഞു: നിങ്ങൾ അദ്ദേഹത്തെ വെള്ളവും താളിയും ഉപയോഗിച്ച് കുളിപ്പിക്കുക. അദ്ദേഹത്തിന്റെ രണ്ട് വസ്ത്രത്തിൽ കഫൻ ചെയ്യുക. സുഗന്ധം പൂശുകയോ തല മൂടുകയോ ചെയ്യരുത്. അന്ത്യ ദിനത്തിൽ തൽബിയ്യത്തു ചൊല്ലുന്ന അവസ്ഥയിൽ അദ്ദേഹത്തെ അല്ലാഹു പുനരുജ്ജീവിപ്പിക്കും.)

കഫൻ മിതവും ചെലവ് കുറഞ്ഞതുമാവണം. അനാവശ്യ ചെലവുകൾ അരുത്. പട്ടുവസ്ത്രം പുരുഷൻമാർക്കു നിഷിദ്ധമാണ്. അതിനാൽ അവരു ടെ കഫനും പട്ടാകാവതല്ല. പരേതന്റെ ധനത്തിൽനിന്നുതന്നെയാണ് സംസ്കരണ ചെലവുകൾ നിർവഹിക്കേണ്ടത്. അയാൾക്കു സമ്പത്തില്ലെ ങ്കിൽ അയാളുടെ ബാധ്യത കയ്യേൽക്കുന്നവർ ചെലവ് വഹിക്കണം. അത്തരം ആരും ഇല്ലെങ്കിൽ ബൈതുൽമാലിൽനിന്ന് .

## മയ്യിത്ത് നമസ്കാരം (صَلاَةُ الْجَنَازَة)

മയ്യിത്ത് നമസ്കാരം സാമൂഹ്യബാധ്യത(فـــــــرض كــــــفـــــــاية)യാണ്. സമൂഹത്തിൽ കുറച്ചുപേർ അതു നിർവഹിച്ചാൽ ബാധ്യതയിൽനിന്ന് എല്ലാവരും മുക്ത രാവും. അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു.

إِنَّ الـنـبِيَّ ﷺ كَـانَ يُؤْتَى بِالرَّجُلِ الْمُتَوَفَّى عَلَيْهِ الدَّيْنُ فَيَسْأَلُ هَلْ تَرَكَ لِدَيْنِهِ فَضْلاً، فَإِنْ حُدِّثَ أَنَّهُ تَرَكَ وَفَاءً صَلَّى، وَإِلاَّ قَالَ لِلْمُسْلِمِينَ: صَلُّوا عَلَى صَاحِبِكُمْ (البخاري، مسلم)

(കടബാധ്യതയോടുകൂടി മരിച്ച ആളെ നബി(സ)യുടെ മുമ്പിൽ കൊണ്ടു വരുമായിരുന്നു. അയാൾ കടം വീട്ടാൻ വല്ലതും മിച്ചം വെച്ചിട്ടുണ്ടോ എന്ന് നബി(സ) ചോദിക്കും. വീട്ടാൻ മിച്ചം വെച്ചിട്ടുണ്ടെന്ന് പറഞ്ഞാൽ അവി ടുന്ന് നമസ്കരിക്കും. ഇല്ലെങ്കിൽ മുസ്ലിംകളോട് പറയും: നിങ്ങളുടെ കൂട്ടുകാരനുവേണ്ടി നമസ്കരിക്കുക.)

മയ്യിത്ത് നമസ്കാരം ഏറെ പ്രധാനപ്പെട്ട കാര്യമാണ്. നബി (സ) പറ ഞ്ഞതായി അബൂഹുറൈറ(റ) ഉദ്ധരിക്കുന്നു.

مَنْ تَبِعَ جَنَازَةً وَصَلَّى عَلَيْهَا فَلَهُ قِيرَاطٌ وَمَنْ تَبِعَهَا حَتَّى يَفْرُغَ مِنْهَا فَلَهُ قِيرَاطَانِ أَحَدُهُمَا مِثْلُ أُحُدٍ (رواه الجماعة)

(മയ്യിത്തിനെ പിന്തുടർന്ന് ജനാസ നമസ്കരിച്ചവന് ഒരു ഖീറാത്ത് പ്രതി ഫലമുണ്ട്. സംസ്കരണത്തിൽനിന്ന് പൂർണമായി വിരമിക്കുംവരെ അതി നെ പിന്തുടരുന്നവന്ന് രണ്ട് 'ഖീറാത്താ'ണ് പ്രതിഫലം. ഒരു ഖീറാത്ത് ഉഹ്ദുമലയ്ക്ക് തുല്യമാണ്.)

സമയമാവുക എന്നതൊഴിച്ച് മറ്റു നമസ്കാരങ്ങൾക്കുള്ള മുന്നുപാധിക ളെല്ലാം ജനാസ നമസ്കാരത്തിനും ഉപാധിയാണ്. മയ്യിത്ത് നമസ്കാരത്തി ന്റെ നിർബന്ധഘടകങ്ങൾ (أركان) താഴെ പറയുന്നവയാണ്.

(1) നിയ്യത്ത്

(2) സാധിക്കുന്നവൻ നിൽക്കൽ

(3) നാലു തക്ബീർ.

ജാബിർ (റ) പറയുന്നു:

إِنَّ النَّبِيَّ ﷺ صَلَّى عَلَى النَّجَّاشِي فَكَبَّرَ أَرْبَعًا (البخاري، مسلم)

(നബി(സ) നജാശിക്കുവേണ്ടി നമസ്കരിച്ചു. നാലു തക്ബീർ ചൊല്ലി.)

4) ഒന്നാമത്തെ തക്ബീറിനുശേഷം ഫാതിഹ ഓതുക.

5) രണ്ടാമത്തെ തക്ബീറിനുശേഷം നബി(സ)യുടെ പേരിൽ സ്വലാത്ത് ചൊല്ലുക.

6)മൂന്നാമത്തെ തക്ബീറിനുശേഷം മയ്യിത്തിനുവേണ്ടി പ്രാർഥിക്കുക.

7) നാലാമത്തെ തക്ബീറിനുശേഷം സലാം ചൊല്ലുക.

തന്നോട് ഒരു സഹാബി പറഞ്ഞെന്ന് അബൂഉമാമതുബ്നു സഹ്ൽ (റ) പറഞ്ഞതായി ഇമാം ശാഫിഈ(റ) മുസ്തനദിൽ ഉദ്ധരിക്കുന്നു:

إِنَّ السُّـنَّةَ فِي الصَّلاَةِ عَلَـى الْجَنَازَةِ أَنْ يُكَبِّرَ الْإِمَامُ ثُمَّ يَقْرَأُ بِفَاتِحَةِ الْكِتَابِ بَعْدَ التَّكْبِيرَةِ الْأُولَى سِرًّا فِي نَفْسِهِ ثُمَّ يُصَلِّي عَلَى النَّبِيِّ ﷺ وَيُخْلِصُ الدُّعَاءَ فِي الْجَنَازَةِ فِي التَّكْبِيرَاتِ وَلاَ يَقْرَأُ فِي شَيْءٍ مِنْهُنَّ ثُمَّ يُسَلِّمُ سِرًّا فِي نَفْسِهِ.

(ഇമാം തക്ബീർ ചൊല്ലുക, ഒന്നാമത്തെ തക്ബീറിനുശേഷം പതുക്കെ ഫാതിഹ ഓതുകയും, പിന്നെ നബി(സ)യുടെ പേരിൽ സലാത്ത് ചൊല്ലുക യും തക്ബീറുകൾക്കുശേഷം മയ്യിത്തിനുവേണ്ടി ആത്മാർഥമായി പ്രാർഥി ക്കുകയും ചെയ്യുക. അവിടെയൊന്നും ഖുർആൻ ഓതരുത്. പിന്നെ പതുക്കെ സലാം പറയുക എന്നതാണ് മയ്യിത്ത് നമസ്കാരത്തിൽ കൈകൊള്ളേണ്ട ചര്യ.)

ഇമാം തക്ബീറുകളും സലാമും ഉറക്കെ ചൊല്ലണം. മഅ്മൂമുകൾ മറ്റു നമസ്കാരങ്ങളിലേതുപോലെ തന്നെ പതുക്കെയും പറയണം. സാധാരണ നമസ്കാരത്തിൽ തശഹ്ഹുദിൽ ചൊല്ലുന്ന സലാത്ത് തന്നെയാണ് മയ്യിത്ത് നമസ്കാരത്തിലും ചൊല്ലേണ്ടത്. മയ്യിത്തിന്റെ നന്മയ്ക്കുവേണ്ടിയുള്ള ഏതു പ്രാർഥനയുമാവാം. എന്നാൽ ഹദീഥിൽ വന്ന പ്രാർഥനയാണ് ഏറ്റവും നല്ലത്. നബി (സ) പറഞ്ഞു:

إِذَا صَلَّيْتُمْ عَلَى الْمَيِّتِ فَأَخْلِصُوا لَهُ الدُّعَاءَ (أبوداود، البيهقي، ابن حبان)

ഹദീഥുകളിൽ വന്ന ചില പ്രാർഥനകളാണ് താഴെ:

1) ജനാസ നമസ്കാരത്തിൽ റസൂൽ (സ) ഇപ്രകാരം പ്രാർഥിച്ചതായി അബൂഹുറൈറ(റ) പറയുന്നു:

اللَّهُمَّ أَنْتَ رَبُّهَا وَأَنْتَ خَلَقْتَهَا وَأَنْتَ رَزَقْتَهَا وَأَنْتَ هَدَيْتَهَا لِلْإِسْلامِ وَأَنْتَ قَبَضْتَ رُوحَهَا وَأَنْتَ أَعْلَمُ بِسِرِّهَا وَعَلانِيَتِهَا جِئْنَا شُفَعَاءَ لَهُ فَاغْفِرْ لَهُ ذَنْبَهُ (أحمد، أبو داود)

(അല്ലാഹുവേ, നീയാണ് ഇതിന്റെ ഉടമ; അതിനെ സൃഷ്ടിച്ചതും നീ. ഭക്ഷണം നൽകിയതും നീ. ഇസ്‌ലാമിലേക്ക് വഴികാണിച്ചതും നീ. അതിന്റെ ആത്മാവിനെ നീ തിരിച്ചുപിടിച്ചിരിക്കുന്നുവല്ലോ. അതിന്റെ രഹസ്യവും പരസ്യവും അറിയുന്നവൻ നീ മാത്രം. അവനുവേണ്ടി ശുപാർശ ചെയ്യാ നാണ് ഞങ്ങൾ വന്നിരിക്കുന്നത്. അതിനാൽ നീ അവന്റെ പാപം പൊറു ക്കേണമേ!)

2) വാഥിലുബ്നുൽ അസ്ഖഅ് (റ) പറയുന്നു:

صَلَّى بِنَا النَّبِيُّ ﷺ عَلَى رَجُلٍ مِنَ الْمُسْلِمِينَ فَسَمِعْتُهُ يَقُولُ: اللَّهُمَّ إِنَّ فُلانَ بْنَ فُلانٍ فِي ذِمَّتِكَ وَحَبْلِ جِوَارِكَ فَقِهِ مِنْ فِتْنَةِ الْقَبْرِ وَعَذَابِ النَّارِ وَأَنْتَ أَهْلُ الْوَفَاءِ وَالْحَقِّ اللَّهُمَّ فَاغْفِرْ لَهُ وَارْحَمْهُ فَإِنَّكَ أَنْتَ الْغَفُورُ الرَّحِيمُ (أحمد، أبو داود)

(നബി (സ) ഞങ്ങൾക്ക് നേതൃത്വം നൽകി ഒരു മുസ്‌ലിമിന്റെ മയ്യിത്ത് നമസ്കാരം നിർവഹിച്ചു. നബി (സ) അപ്പോൾ പറയുന്നതു ഞാൻ കേട്ടു: അല്ലാഹുവേ, ഇന്നയാളുടെ മകൻ ഇന്നയാൾ[1] നിന്റെ സംരക്ഷണയിലും പരിരക്ഷാപാശത്തിലുമാണ്. അതിനാൽ ഖബർശിക്ഷയിൽനിന്നും നരക ശിക്ഷയിൽനിന്നും നീ അദ്ദേഹത്തെ രക്ഷിക്കേണമേ. കരാർ പാലിക്കുന്ന വനും അവകാശം നൽകുന്നവനുമാണു നീ. അല്ലാഹുവേ നീ ഇദ്ദേഹ ത്തിന് പൊറുക്കുകയും കരുണചൊരിയുകയും ചെയ്യേണമേ! നീ മാത്ര മാണ് പൊറുക്കുന്നവനും കാരുണ്യവാനും.)

3) ഔഫ്ബ്നു മാലിക് (റ) പറയുന്നു:

ഒരു ജനാസ നമസ്കാരം നിർവഹിച്ചുകൊണ്ട് നബി (സ) പറയുന്നത് ഞാൻ കേട്ടു:

اللَّهُمَّ اغْفِرْ لَهُ وَارْحَمْهُ وَاعْفُ عَنْهُ وَعَافِهِ وَأَكْرِمْ نُزُلَهُ وَوَسِّعْ مُدْخَلَهُ وَاغْسِلْهُ بِمَاءٍ وَثَلْجٍ وَبَرْدٍ وَنَقِّهِ مِنَ الْخَطَايَا كَمَا يُنَقَّى الثَّوْبُ الْأَبْيَضُ مِنَ الدَّنَسِ وَأَبْدِلْهُ دَارًا خَيْرًا مِنْ دَارِهِ وَأَهْلًا خَيْرًا مِنْ أَهْلِهِ وَزَوْجًا خَيْرًا مِنْ زَوْجِهِ وَقِهِ فِتْنَةَ الْقَبْرِ وَعَذَابَ النَّارِ (مسلم)

(അല്ലാഹുവേ, ഇദ്ദേഹത്തിന് പൊറുക്കുകയും കരുണചൊരിയുകയും ചെയ്യണേമേ! ഇദ്ദേഹത്തിന് മാപ്പ് നൽകേണമേ. സൗഖ്യം നൽകേണമേ! ഇദ്ദേഹത്തിന് മാന്യമായ വിരുന്നൊരുക്കുകയും ഇദ്ദേഹത്തിന്റെ പ്രവേശ സ്ഥലം വിശാലമാക്കുകയും ചെയ്യേണമേ. വെള്ളവും ഹിമവും മഞ്ഞും കൊണ്ട് ഇദ്ദേഹത്തെ കഴുകേണമേ! വെള്ളവസ്ത്രത്തെ ചെളിയിൽ നിന്നെ ന്നപോലെ പാപത്തിൽനിന്ന് ഇദ്ദേഹത്തെ ശുദ്ധി ചെയ്യേണമേ! ഇദ്ദേഹത്തി ന്റെ ഭവനത്തെക്കാൾ നല്ല ഭവനവും കുടുംബത്തേക്കാൾ നല്ല കുടുംബവും ഇണയെക്കാൾ നല്ല ഇണയെയും നൽകേണമേ! ഖബർശിക്ഷയിൽനിന്നും നരകശിക്ഷയിൽ നിന്നും ഇദ്ദേഹത്തെ കാക്കുകയും ചെയ്യേണമേ!)

4). അബൂഹുറൈറ (റ) പറയുന്നു:

صَلَّى رَسُولُ اللَّهِ ﷺ عَلَى جَنَازَةٍ فَقَالَ: اللَّهُمَّ اغْفِرْ لِحَيِّنَا وَمَيِّتِنَا وَصَغِيرِنَا وَكَبِيرِنَا وَذَكَرِنَا وَأُنْثَانَا وَشَاهِدِنَا وَغَائِبِنَا اللَّهُمَّ مَنْ أَحْيَيْتَهُ مِنَّا فَأَحْيِهِ عَلَى الْإِسْلَامِ وَمَنْ تَوَفَّيْتَهُ فَتَوَفَّهُ عَلَى الْإِيمَانِ اللَّهُمَّ لَا تُحَرِّمْنَا أَجْرَهُ وَلَا تُضِلَّنَا بَعْدَهُ (أحمد، أصحاب السنن)

(റസൂൽ (സ) ഒരു ജനാസ നമസ്കാരം നിർവഹിച്ചുകൊണ്ട് പറഞ്ഞു: അല്ലാഹുവേ, ഞങ്ങളിൽ ജീവിച്ചിരിക്കുന്നവർക്കും മരണപ്പെട്ടവർക്കും ചെറിയവർക്കും വലിയവർക്കും പുരുഷന്മാർക്കും സ്ത്രീകൾക്കും ഹാജറു ള്ളവർക്കും ഇല്ലാത്തവർക്കും നീ പൊറുക്കേണമേ! അല്ലാഹുവേ, നീ ഞങ്ങ ളിൽ ആരെയെങ്കിലും ജീവിക്കാൻ വിടുന്നുവെങ്കിൽ അവരെ ഇസ്‌ലാമിൽ അടിയുറച്ചു ജീവിക്കാൻ തുണക്കേണമേ! നീ ഞങ്ങളിൽ ആരെയെങ്കിലും മരിപ്പിക്കുമ്പോൾ ഈമാനിൽ ഉറപ്പിച്ചുനിറുത്തി മരിപ്പിക്കേണമേ! അല്ലാ ഹുവേ, ഇതിന്റെ പ്രതിഫലം നീ ഞങ്ങൾക്കു തടയരുതേ! ഇദ്ദേഹത്തിന് ശേഷം നീ ഞങ്ങളെ വഴിതെറ്റിയവരാക്കരുതേ!)

മയ്യിത്ത് കുട്ടിയുടേതാണെങ്കിൽ ഇത്ര കൂടി പറയണം:

اللَّهُمَّ اجْعَلْهُ فَرَطًا لِأَبَوَيْهِ وَسَلَفًا وَذُخْرًا وَعِظَةً وَاعْتِبَارًا وَشَفِيعًا، وَثَقِّلْ بِهِ مَوَازِينَهُمَا وَأَفْرِغِ الصَّبْرَ عَلَى قُلُوبِهِمَا وَلَا تَفْتِنْهُمَا بَعْدَهُ وَلَا تَحْرِمْهُمَا أَجْرَهُ.

(അല്ലാഹുവേ, നീ ഇവനെ ഇവന്റെ മാതാപിതാക്കൾക്ക് സൂക്ഷിപ്പും മുന്നൊരുക്കവും നിധിയും ഉപദേശവും ഗുണപാഠവും ശുപാർശകനുമാ ക്കേണമേ. അവൻ വഴി അവരുടെ ത്രാസ് ഘനക്കൂടുതലുള്ളതാക്കുകയും അവരുടെ ഹൃദയങ്ങളിൽ ക്ഷമ ചൊരിയുകയും ഇവനുശേഷം അവരെ കുഴപ്പത്തിലകപ്പെടുത്താതിരിക്കുകയും അവൻ നഷ്ടപ്പെട്ടതിന്റെ പ്രതി ഫലം അവർക്കു തടയാതിരിക്കുകയും ചെയ്യേണമേ!)

പ്രാർഥനയിൽ വന്ന സർവനാമങ്ങൾ മയ്യിത്തിന്റെ ലിംഗവ്യത്യാസത്തിന നുസരിച്ച് മാറ്റേണ്ടതില്ല. മയ്യിത്ത് എന്നതാണ് അവിടെയെല്ലാം ഉദ്ദേശ്യം.അതാകട്ടെ പുരുഷനും സ്ത്രീക്കും ഒരുപോലെ ഉപയോഗിക്കും.

നാലാമത്തെ തക്ബീറിന് ശേഷം,

اللَّهُمَّ لَا تُحَرِّمْنَا أَجْرَهُ وَلَا تَفْتِنَّا بَعْدَهُ

(ഈ മയ്യിത്തിന്റെ പേരിൽ നമസ്കരിച്ച പ്രതിഫലം ഞങ്ങൾക്ക് തടയാ തിരിക്കുകയും ഇദ്ദേഹത്തിനുശേഷം ഞങ്ങളെ കുഴപ്പത്തിൽ പെടുത്താതി രിക്കുകയും ചെയ്യേണമേ!) എന്ന് പ്രാർഥിക്കണമെന്നാണ് ഇമാം ശാഫിഈ യുടെ പക്ഷം. നാലാം തക്ബീറിന്റെ ശേഷം പൂർവ്വികർ

اللَّهُمَّ رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ എന്നു പറയാറുണ്ടായിരുന്നു.

സാധാരണ നമസ്കാരങ്ങളിലേതുപോലെ തന്നെ മയ്യിത്ത്നമസ്കാര ത്തിൽനിന്ന് വിരമിക്കുമ്പോൾ രണ്ട് സലാം ചൊല്ലണം. വലത്തോട്ടും ഇട ത്തോട്ടും തലതിരിക്കുകയും വേണം.

പുരുഷ മയ്യിത്തിന്റെ തലയുടെ ഭാഗത്തും സ്ത്രീയുടെ മധ്യഭാഗത്തുമാ ണ് ഇമാം നിൽക്കേണ്ടത്. ഇവ്വിധമാണ് നബി(സ) നിന്നിരുന്നതെന്ന് അനസ് (റ) പറഞ്ഞതായി അഹ്മദ്, അബൂദാവൂദ്, ഇബ്നുമാജ, തിർമിദി എന്നിവർ ഉദ്ധരിച്ചിട്ടുണ്ട്.

ഒന്നിലധികം ജനാസകൾ, പുരുഷന്മാർ, സ്ത്രീകൾ, കുട്ടികൾ എല്ലാവ രുടേതുമായുണ്ടെങ്കിൽ എല്ലാവർക്കും വേണ്ടി ഒന്നിച്ച് നമസ്കരിക്കാവുന്ന താണ്. അപ്പോൾ ഇമാമിന്റെ തൊട്ടുമുമ്പിൽ പുരുഷന്മാരുടേതും അതിനു പിന്നിൽ കുട്ടികളുടേതും അതിനും പിന്നിൽ സ്ത്രീകളുടേതുമായാണ് മയ്യിത്തുകൾ നിരത്തിവെക്കേണ്ടത്. നമസ്കാരത്തിൽ പങ്കെടുക്കാൻ കുറച്ച് ആളുകളേ ഉള്ളൂവെങ്കിൽ അവർ മൂന്ന് അണിയായി നിൽക്കണം. നബി (സ) പറഞ്ഞതായി മാലികുബ്നു ഹുബൈറ (റ) ഉദ്ധരിക്കുന്നു.

**مَـا مِـنْ مُؤْمِنٍ يَمُوتُ فَيُصَلِّي عَلَيْهِ أُمَّةٌ مِنَ الْمُسْلِمِينَ يَبْلُغُونَ أَنْ يَكُونُوا ثَلاَثَةَ صُفُوفٍ إِلَّا غُفِرَلَهُ فَكَانَ مَالِكُ بْنُ هُبَيْرَةَ يَتَحَرَّى إِذَا قَلَّ أَهْلُ الْجَنَازَةِ أَنْ يَجْعَلَهُمْ ثَلاَثَةَ صُفُوفٍ (أحمد، أبو داود، ابن ماجه، الترمذي)**

(ഒരു മുഅ്മിൻ മരിക്കുകയും മൂന്ന് സ്വഫ്ഫ് വരുന്ന ഒരു സംഘം മുസ് ലിംകൾ അയാൾക്കുവേണ്ടി നമസ്കരിക്കുകയും ചെയ്താൽ അയാൾക്ക് പാപമോചനം ലഭിക്കാതിരിക്കുകയില്ല. നബിയുടെ ഈ പ്രസ്താവത്തിന്റെ അടിസ്ഥാനത്തിൽ ജനാസയുടെ ഒപ്പം വന്നവർ കുറവെങ്കിൽ അവരെ മൂന്നായി അണിനിരത്താൻ മാലികുബ്നു ഹുബൈറ ശ്രദ്ധിക്കാറുണ്ടാ യിരുന്നു.)

ജനാസ നമസ്കാരത്തിന് ആളുകൾ കൂടുന്നതിനൊത്ത് അതിന്റെ ശ്രേ ഷ്ഠത വർധിക്കും. ജനാസനമസ്കാരത്തിന് വൈകിയെത്തുന്നവർ ഇമാമി ന്റെ പിന്നിൽ അണിനിരന്ന് നമസ്കാരത്തിൽ ഏർപ്പെടുകയും നഷ്ടപ്പെട്ട ഭാഗം ഇമാമിന്റെ സലാമിന് ശേഷം പൂർത്തിയാക്കുകയും ചെയ്യേണ്ടതാണ്.

പുരുഷന്മാരെപ്പോലെ തന്നെ സ്ത്രീകൾക്കും മയ്യിത്ത് നമസ്കരിക്കാവു ന്നതാണ്. അത് ഒറ്റയ്ക്കും കൂട്ടായും ആകാം. നബി(സ)യുടെ ജനാസ സ്ത്രീകളും നമസ്കരിച്ചിരുന്നു. തനിക്കു നമസ്കരിക്കാൻ പാകത്തിൽ സഅ്ദുബ്നു അബീവഖ്ഖാസി(റ)ന്റെ ജനാസ പള്ളിയിൽ കൊണ്ടുവരാൻ ആയിശ (റ) നിർദ്ദേശിച്ചിരുന്നു. ഉത്ബതിന്റെ പേരിൽ നമസ്കരിച്ച് കഴിയും വരെ ഉമർ (റ) ഭാര്യയെ – അബ്ദുല്ലയുടെ മാതാവിനെ – കാത്തിരുന്നതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

ഗർഭം നാലുമാസം തികഞ്ഞിട്ടില്ലാത്ത ശിശു മരണപ്പെട്ടാൽ കുളിപ്പിക്കു കയോ നമസ്കരിക്കുകയോ ചെയ്യേണ്ടതില്ല. നാലുമാസം തികഞ്ഞ ശിശു പ്രസവസമയത്ത് കരയുകയോ ഞരങ്ങുകയോ ചെയ്തിട്ടുണ്ടെങ്കിൽ കുളി പ്പിക്കുകയും നമസ്കരിക്കുകയും ചെയ്യണം. ഇല്ലെങ്കിൽ കുളിപ്പിക്കണം. നമസ്കരിക്കേണ്ടതില്ല.

ഇസ്ലാമിന്റെ ശത്രുക്കളുമായുള്ള യുദ്ധത്തിൽ വധിക്കപ്പെടുന്ന രക്ത സാക്ഷികളെ കുളിപ്പിക്കുകയോ അവർക്കുവേണ്ടി നമസ്കരിക്കുകയോ ചെയ്യേണ്ടതില്ല. യുദ്ധകോപ്പിന്റെ ഭാഗമായി അണിഞ്ഞ രക്തം പുരണ്ട വസ്ത്രം ഉരിഞ്ഞ് അയാളുടെ സാധാരണ വസ്ത്രത്തിൽ പൊതിഞ്ഞ് ഖബറടക്കുകയാണ് വേണ്ടത്. എന്നാൽ യുദ്ധത്തിൽ മുറിവേറ്റ ആൾ യുദ്ധം കഴിയുംവരെ ജീവിച്ചശേഷം മരിച്ചാൽ അയാളെ കുളിപ്പിക്കുകയും അയാൾ ക്കുവേണ്ടി നമസ്കരിക്കുകയും വേണം.

കുറ്റം ചെയ്തതിനു ശിക്ഷയായി വധിക്കപ്പെട്ടവന്നും ആത്മഹത്യ ചെയ് തവനും മറ്റു പാപങ്ങൾ ചെയ്തവർക്കുംവേണ്ടി അവർ മുസ്ലിംകളെങ്കിൽ നമസ്കരിക്കൽ നിർബന്ധമാണ്. ജാബിർ (റ) പറയുന്നു:

**إِنَّ رَجُلاً مِـنْ أَسْـلَمَ جَاءَ إِلَى النَّبِيِّ ﷺ فَاعْتَرَفَ بِالزِّنَا فَأَعْرَضَ عَنْهُ حَتَّى شَهِدَ عَلَى نَفْسِهِ أَرْبَعَ مَرَّاتٍ فَقَالَ : أَبِكَ جُنُونٌ ؟ قَالَ: لاَ قَـالَ: أَحْـصَـنْـتَ ؟ قَـالَ: نَـعَمْ. فَأَمَرَ بِهِ فَرُجِمَ بِالْمُصَلَّى فَلَمَّا أَذْلَقَتْهُ الْحِجَارَةُ فَرَّ فَأُدْرِكَ فَرُجِمَ حَتَّى مَاتَ فَقَالَ لَهُ النَّبِيُّ ﷺ خَيْرًا وَصَلَّى عَلَيْهِ (البخاري)**

(അസ്ലം കുടുംബത്തിൽ പെട്ട ഒരാൾ നബി(സ)യെ സമീപിച്ച് താൻ വ്യഭിചരിച്ചതായി ഏറ്റു പറഞ്ഞു. നബി(സ) അയാളെ ശ്രദ്ധിച്ചില്ല. അയാൾ നാലുതവണ തെറ്റ് ഏറ്റുപറഞ്ഞു. അപ്പോൾ നബി(സ) ചോദിച്ചു: താങ്കൾ ക്ക് ഭ്രാന്തുണ്ടോ? അയാൾ: ഇല്ല. നബി(സ): താങ്കൾ വിവാഹിതനാണോ? അയാൾ: അതെ. നബി(സ) അയാളുടെ കാര്യത്തിൽ ഉത്തരവ് നൽകി. അങ്ങനെ പെരുന്നാൾ നമസ്കരിക്കുന്ന മൈതാനിയിൽ വെച്ച് അയാൾ എറിഞ്ഞുകൊല്ലൽ ശിക്ഷയ്ക്ക് വിധേയനായി. കല്ല് ശരീരത്തിൽ പതിച്ചു തുടങ്ങിയപ്പോൾ അയാൾ ഓടി. എങ്കിലും അയാളെ പിടികൂടി എറിഞ്ഞു കൊന്നു. അങ്ങനെ അയാൾ മരിച്ചു. നബി(സ) അയാളെപ്പറ്റി നല്ലതു പറയു കയും. അയാളുടെ മയ്യിത്ത് നമസ്കാരം നിർവഹിക്കുകയും ചെയ്തു.)

ഖൈബർ യുദ്ധവേളയിൽ യുദ്ധധനം അപഹരിച്ച ആളുടെ പേരിൽ നബി(സ) നമസ്കരിച്ചില്ല. എന്നാൽ മറ്റുള്ളവരോട് നമസ്കരിക്കാൻ നിർദ്ദേശിച്ചുകൊണ്ട് നബി(സ) പറഞ്ഞു:

**صَلُّوا عَلَى صَاحِبِكُمْ إِنَّهُ قَدْ غَلَّ فِي سَبِيلِ اللَّهِ**

(നിങ്ങളുടെ കൂട്ടുകാരനുവേണ്ടി നമസ്കരിക്കുവിൻ. അയാൾ ദൈവ മാർഗത്തിൽ വഞ്ചന ചെയ്തിരിക്കുന്നു.) **لا الـــــــه الا الــــــلــــــه** എന്ന് ഉരുവിട്ട ഏതു മുസ്ലിമിന്റെ പേരിലും നമസ്കരിക്കണമെന്നാണ് പണ്ഡിതാഭിപ്രായം. സത്യനിഷേധികൾക്കു വേണ്ടിയും അവരുടെ കുട്ടികൾക്കു വേണ്ടിയും നമസ്കരിക്കുവാൻ പാടില്ല. കപടവിശ്വാസികളെക്കുറിച്ച് അല്ലാഹു നബി (സ) യോട് കല്പിച്ചതിതാണ്:

**وَلاَ تُصَلِّ عَلَى أَحَدٍ مِنْهُمْ مَاتَ أَبَدًا وَلاَ تَقُمْ عَلَى قَبْرِهِ إِنَّهُمْ كَفَرُوا بِاللَّهِ وَرَسُولِهِ (التوبة ٨٤)**

(അവരിൽനിന്ന് മരിച്ച ഒരാൾക്കുവേണ്ടിയും താങ്കൾ നമസ്കരിക്കുക യോ അവരുടെ ഖബ്റിങ്കൽ നിൽക്കുകയോ ചെയ്യരുത്. അവർ അല്ലാഹുവി ലും അവന്റെ ദൂതനിലും അവിശ്വസിച്ചിരിക്കുന്നു.) മയ്യിത്ത് ഖബറടക്കിക്കഴി ഞ്ഞശേഷം വന്നെത്തുന്നവർക്ക് ഖബറിങ്കൽ ചെന്ന് നമസ്കരിക്കാവുന്ന താണ്. മറുനാട്ടിൽ മരിച്ച ആൾക്കുവേണ്ടി മയ്യിത്ത് മുമ്പിലില്ലാതെ നമസ്ക രിക്കാം. മദീനയിൽ മരിച്ച ഒരു സ്ത്രീക്കുവേണ്ടി അവരുടെ മയ്യിത്ത് ഖബറ ടക്കിയശേഷം നബി(സ) നമസ്കരിച്ചിട്ടുണ്ട്. ഏത്യോപ്യയിലെ നജ്ജാശി മരിച്ചപ്പോൾ നബി(സ) അദ്ദേഹത്തിനുവേണ്ടി മദീനയിൽ സഹാബികളോ ടൊപ്പം നമസ്കരിച്ചിരുന്നു.

മയ്യിത്ത് നമസ്കാരം പള്ളിയിൽ വെച്ച് നിർവഹിക്കാവുന്നതാണ്. ആയിശ (റ) പറയുന്നു:

**مَا صَلَّى رَسُولُ اللَّهِ ﷺ عَلَى سُهَيْلِ بْنِ بَيْضَاءَ إِلاَّ فِي الْمَسْجِدِ (مسلم)**

(നബി (സ) സുഹൈബ്നു ബൈദാഉന് വേണ്ടി പള്ളിയിൽ വെച്ചാണ് നമസ്കരിച്ചത്.)

മയ്യിത്ത് ഖബറുകൾക്കിടയ്ക്ക് കൊണ്ടുവെച്ച് നമസ്കരിക്കുന്നത് അഭികാ മ്യമല്ലെന്ന് ബഹുഭൂരിപക്ഷം പണ്ഡിതൻമാരും അഭിപ്രായപ്പെടുന്നു.

## നമസ്കാരത്തിനു നേതൃത്വം നൽകേണ്ടതാർ?

പിതാവ്, പിതാമഹൻ, മകൻ, മകന്റെ മകൻ, സഹോദരൻ, സഹോദര പുത്രൻ, പിതൃവ്യൻ, പിതൃവ്യപുത്രൻ എന്ന ക്രമമനുസരിച്ചാണ് മയ്യിത്ത് നമസ്കാരത്തിൽ നേതൃത്വം നൽകേണ്ടത് എന്നാണ് ഇമാംശാഫിഈ (റ)യുടെ പക്ഷം.

## ജനാസ കൊണ്ടുപോകേണ്ട രീതി

ജനാസ സംസ്കരണം കഴിയുന്നതും വേഗത്തിലാക്കുകയാണ് വേണ്ടത്. മറമാടാൻ ജനാസ കൊണ്ടുപോവുന്നതും അങ്ങനെതന്നെ. പതുക്കെ നടന്നു നീങ്ങുകയല്ല, അല്പം ധൃതിയിൽ നടക്കണം. അബൂബക്കർ (റ) പറയുന്നു:

لَقَدْ رَأَيْتُنَا مَعَ رَسُولِ اللَّه ﷺ وَإِنَّا لَنَكَادُ نَرْمَلُ بِالْجَنَازَةِ رَمْلاً (أحمد، النسائي)

(ഞങ്ങൾ ജനാസയും കൊണ്ട് നബി(സ)യോടൊപ്പം വേഗത്തിൽ നട ക്കുന്നതു ഞാൻ കണ്ടതാണ്.)

ചുമലിളക്കി ധൃതിപിടിച്ചുള്ള നടത്തമാണ് റമൽ. മയ്യിത്ത് കട്ടിലിന്റെ നാലുതണ്ട് നാല് മൂലകളിൽനിന്നും പിടിക്കുന്നതല്ല, ചുറ്റും താങ്ങുന്ന രീതിയാണ് ഉത്തമം. ഇബ്നു മസ്ഊദ് (റ) പറയുന്നു:

مَنِ اتَّبَعَ جَنَازَةً فَلْيَحْمِلْ بِجَوَانِبِ السَّرِيرِ كُلِّهَا فَإِنَّهُ مِنَ السُّنَّةِ (ابن ماجه، البيهقي، أبوداود)

(ജനാസയെ അനുഗമിക്കുന്നവർ കട്ടിലിന്റെ എല്ലാ ഭാഗത്തുനിന്നും താങ്ങണം. അതാണ് പ്രവാചകചര്യ.)

നടക്കുന്നവർ മയ്യിത്ത് കട്ടിലിന് മുമ്പിലും പിമ്പിലും വലത്തും ഇടത്തു മായി സഞ്ചരിക്കുകയാണ് വേണ്ടത്. വാഹനത്തിൽ സഞ്ചരിക്കുന്നവർ പിന്നിലും. നബി(സ) പറഞ്ഞതായി മുഗീറതുബ്നു ശുഅ്ബ(റ) ഉദ്ധരി ക്കുന്നു:

اَلرَّاكِبُ خَلْفَ الْجَنَازَةِ وَالْمَاشِي خَلْفَهَا وَأَمَامَهَا وَعَنْ يَمِينِهَا وَ عَنْ يَسَارِهَا قَرِيبًا مِنْهَا وَالسَّقْطُ يُصَلَّى عَلَيْهِ وَيُدْعَى لِوَالِدَيْهِ بِالْمَغْفِرَةِ وَالرَّحْمَةِ (أحمد، أبوداود)

(വാഹനത്തിൽ സഞ്ചരിക്കുന്നവൻ ജനാസയ്ക്കു പിന്നിലും, കാൽനട യായി സഞ്ചരിക്കുന്നവൻ അതിനു മുമ്പിലോ പിമ്പിലോ വലതുഭാഗത്തോ ഇടതുഭാഗത്തോ തൊട്ടടുത്തായും സഞ്ചരിക്കണം. ചാപിള്ളക്കും നമസ്ക രിക്കണം. അതിന്റെ മാതാപിതാക്കൾക്കു പാപമോചനത്തിനും കാരുണ്യ ത്തിനും വേണ്ടിയാണ് പ്രാർഥിക്കേണ്ടത്.)

## ജനാസക്കൊപ്പം അരുതാത്ത കാര്യങ്ങൾ

1. ശബ്ദമുയർത്തി ദിക്ർ ചൊല്ലുക, ഖുർആൻ ഓതുക, മുതലായവ ചെയ്യരുത്. ഖൈസുബ്നു ഉബ്ബാദ് (റ) പറഞ്ഞതായി ഇബ്നുൽ മുൻദിർ ഉദ്ധരിക്കുന്നു.

كَانَ أَصْحَابُ رَسُولِ اللَّهِ ﷺ يَكْرَهُونَ رَفْعَ الصَّوْتِ عِنْدَ ثَلَاثٍ: عِنْدَ الْجَنَائِزِ وَعِنْدَ الذِّكْرِ وَعِنْدَ الْقِتَالِ.

(മൂന്ന് സന്ദർഭത്തിൽ ശബ്ദമുയർത്തുന്നതു നബി(സ)യുടെ സഹാബിമാർ വെറുത്തിരുന്നു. ജനാസയുടെ അരികിൽ, ദിക്ർ ചൊല്ലുമ്പോൾ, യുദ്ധത്തിൽ.)

ജനാസയോടൊപ്പം പോകുമ്പോൾ ഒരാൾ അരികിൽവെച്ച് അയാൾക്ക് വേണ്ടി മാപ്പിരന്നുകൊണ്ട് 'അല്ലാഹു അയാൾക്ക് പൊറുക്കട്ടെ' എന്ന് പറഞ്ഞു കേട്ടപ്പോൾ പറഞ്ഞയാളോട് 'അല്ലാഹു നിനക്ക് പൊറുക്കാതിരി ക്കട്ടെ!' എന്ന് ഇബ്നു ഉമർ (റ) പറഞ്ഞതായി ഹുദൈലുബ്നു അംറ് ഉദ്ധരിച്ചിട്ടുണ്ട്.

2. ജനാസയോടൊപ്പം തീ കൊണ്ടു പോകരുത്. അതൊരു അനിസ്ലാമി കാചാരമാണ് എന്നതാണ് കാരണം. മരിക്കാൻ സമയത്ത് അബൂമൂസൽ അശ്അരി (റ) പറഞ്ഞു:

لاَ تَتْبَعُونِي بِمُجْمَرٍ. قَالُوا : أَوَ سَمِعْتَ فِيهِ شَيْئًا قَالَ: نَعَمْ مِنْ رَسُولِ اللَّهِ ﷺ (ابن ماجه)

(എന്റെ കൂടെ നിങ്ങൾ തീ കൊണ്ടുവരരുത്. അവർ ചോദിച്ചു: ഇതു സംബന്ധിച്ച് താങ്കൾ വല്ലതും കേട്ടിട്ടുണ്ടോ? അദ്ദേഹം പറഞ്ഞു: അതെ, അല്ലാഹുവിന്റെ റസൂലിൽനിന്ന്.)

3. ജനാസക്കൊപ്പം പോകുന്നവർ ജനാസ താഴെ വെയ്ക്കുംമുമ്പ് ഇരി ക്കരുത്. നബി(സ) പറഞ്ഞതായി അബൂസഈദിൽ ഖിദ്രി (റ) ഉദ്ധരിക്കുന്നു.

إِذَا رَأَيْتُمُ الْجَنَازَةَ فَقُومُوا فَمَنْ تَبِعَهَا فَلاَ يَقْعُدُ حَتَّى تُوضَعَ (البخاري)

(നിങ്ങൾ ജനാസ കണ്ടാൽ എഴുന്നേറ്റു നിൽക്കുക. അതിനെ പിന്തുടരു ന്നവൻ അത് താഴെ വെക്കുംമുമ്പ് ഇരിക്കരുത്.)

4. സ്ത്രീകൾ ജനാസയെ പിന്തുടരരുത്. ഉമ്മു അത്വിയ്യ (റ) പറയുന്നു.

نُهِينَا أَنْ نَتَّبِعَ الْجَنَائِزَ وَلَمْ يُعْزَمْ عَلَيْنَا (أحمد، البخاري، مسلم، ابن ماجه)

(ജനാസയെ പിന്തുടരുന്നത് ഞങ്ങളോട് നിരോധിച്ചിട്ടുണ്ട്. എന്നാൽ അതു ഞങ്ങളോട് കർക്കശമായി തടഞ്ഞിട്ടില്ല.)

ജനാസ കൊണ്ടുവരുന്നതു കണ്ടാൽ –മുസ്ലിമിന്റേതല്ലെങ്കിലും– എഴുന്നേറ്റു നിൽക്കൽ സുന്നത്താണ്. അലി (റ) പറയുന്നു:

رَأَيْنَا النَّبِيَّ ﷺ قَامَ فَقُمْنَا فَقَعَدَ فَقَعَدْنَا (مسلم)

(നബി (സ) നിന്നത് ഞങ്ങൾ കണ്ടു. ഞങ്ങളും നിന്നു. നബി(സ) ഇരു ന്നു. ഞങ്ങളും ഇരുന്നു.)

ജനാസയോടൊപ്പം അനിസ്ലാമിക നടപടികൾ വല്ലതും കണ്ടാൽ കഴി യുമെങ്കിൽ അതു തടയണം. സാധ്യമല്ലെങ്കിൽ വെറുപ്പ് പ്രകടിപ്പിക്കുകയെ ങ്കിലും വേണം.

## ഖബറടക്കം

മയ്യിത്തിനെ ഖബറടക്കൽ മുസ്ലിംകളുടെ സാമൂഹ്യബാധ്യതയാണ്. അതു രാത്രിയാവുന്നത് തെറ്റല്ല. നബി (സ)യുടെ കാലത്തും സ്വഹാബിമാ രുടെ കാലത്തും പകലിലെന്നപോലെ രാത്രിയും മയ്യിത്ത് ഖബറടക്കിയി രുന്നു. അലി(റ) ഫാത്വിമ(റ)യെ രാത്രിയാണ് ഖബറടക്കിയത്. അബൂബ ക്കർ, ഉഥ്മാൻ ഇബ്നു അഫ്ഫാൻ, ആഇശ, ഇബ്നു മസ്ഊദ് എന്നിവരെ യൊക്കെ രാത്രിയാണ് മറമാടിയത്.

ഖബ്റടക്കാവുന്നതാണ്. എന്നാൽ കാരണമില്ലാതെ ഈ സമയങ്ങളിൽ മറമാടുന്നത് കറാഹത്താണ്.)

### ഖബർ ആഴം കൂട്ടൽ

ചീഞ്ഞളിയുമ്പോൾ ദുർഗന്ധം പുറത്തുവരാതെയും, വന്യജന്തുക്കൾ മാന്തിപുറത്തിടാതെയും ശരീരം ഭൂമിയിൽ മറവ് ചെയ്യുക. അതാണ് ഖബറ ടക്കം കൊണ്ടുദ്ദേശിക്കുന്നത്. ഖബർ ആഴം കൂട്ടുന്നതു നല്ലതാണ്. ഹിശാമു ബ്നു ആമിർ (റ) പറയുന്നു:

**شَكَوْنَا إِلَى رَسُولِ اللَّهِ ﷺ يَوْمَ أُحُدٍ فَقُلْنَا: يَا رَسُولَ اللَّهِ الْحُفْرُ عَلَيْنَا لِكُلِّ إِنْسَانٍ شَدِيدٌ. فَقَالَ رَسُولُ اللَّهِ ﷺ احْفِرُوا وَأَعْمِقُوا وَأَحْسِنُوا وَادْفِنُوا الإِثْنَيْنِ وَالثَّلاثَةَ فِي قَبْرٍ وَاحِدٍ. فَقَالُوا فَمَنْ نُقَدِّمُ يَا رَسُولَ اللَّهِ ؟ قَالَ: قَدِّمُوا أَكْثَرَهُمْ قُرْآنًا وَكَانَ أَبِي ثَالِثُ ثَلاثَةٍ فِي قَبْرٍ وَاحِدٍ (النسائي، والترمذي)**

(ഉഹ്ദുയുദ്ധ ദിവസം ഞങ്ങൾ നബി(സ)യോട് ആവലാതിപ്പെട്ടു. ഞങ്ങൾ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, ഓരോരുത്തർക്കും വേറെ വേറെ കുഴി കുഴിക്കുക ഏറെ ശ്രമകരമാണ്. അപ്പോൾ റസൂൽ (സ) പറഞ്ഞു. നിങ്ങൾ കുഴിക്കുക, ആഴം കൂട്ടുക, നന്നായി ചെയ്യുക, ഒരേ ഖബറിൽ രണ്ടും മൂന്നും ആളുകളെ മറമാടുക. അവർ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, അപ്പോൾ ആരെ മുമ്പിൽ വെക്കണം? നബി(സ) പറഞ്ഞു: കൂടുതൽ ഖുർആൻ പഠിച്ച വരെ. ഒരേ ഖബ്റിൽ അടക്കിയ മൂന്നുപേരിൽ ഒരാൾ എന്റെ പിതാവായി രുന്നു.)

മയ്യിത്ത് ഖബറിൽ താഴ്ത്തേണ്ടതു ആദ്യം കാലിന്റെ ഭാഗമാണ്. മുഖം ഖിബ്ലയിലേക്ക് തിരിച്ച് വലതു ഭാഗത്തിന്മേൽ ചരിച്ചാണ് മയ്യിത്ത് കിട ത്തേണ്ടത്. കഫൻ പുടവയുടെ കെട്ടുകൾ അഴിച്ചിടണം. ഖബറിൽ വെക്കു ന്നതു بِسْمِ اللَّهِ وَعَلَى مِلَّةِ رَسُولِ اللَّه (അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹു വിന്റെ ദൂതന്റെ മാർഗത്തിൽ) എന്നു പറഞ്ഞുകൊണ്ടാവണം: വലത്തെ കവിളിൽനിന്ന് തുണി നീക്കി അവിടം മണ്ണിൽ ചേർത്ത് മണ്ണോ, കല്ലോ കട്ടയോ വെച്ച് തല അല്പം ഉയർത്തിവെക്കണം. തലയുടെ ഭാഗത്തുകൂടി മൂന്നുപിടി മണ്ണ് വാരിയിടുന്നത് സുന്നത്താണ്. ഓരോ പിടിയിടുമ്പോഴും ഒന്നാമത്തേതിൽ مِنْهَا خَلَقْنَاكُمْ (ഇതിൽനിന്നാണ് നാം നിങ്ങളെ സൃഷ്ടി ച്ചിരിക്കുന്നത്), രണ്ടാമത്തേതിൽ وَفِيهَا نُعِيدُكُمْ (നാം നിങ്ങളെ അതിലേക്ക് മടക്കും), മൂന്നാമത്തേതിൽ وَمِنْهَا نُخْرِجُكُمْ تَارَةً أُخْرَى (മറ്റൊരിക്കൽ നാം നിങ്ങളെ ഇതിൽനിന്ന് പുറത്തു കൊണ്ടുവരും) എന്നു പറയണം. മകൾ ഉമ്മുകുൽഥുമിനെ ഖബറിൽ വെച്ചശേഷം മണ്ണിട്ടുകൊണ്ട് നബി(സ) ഇപ്രകാരം പറഞ്ഞതായി ഹദീഥുണ്ട്.

ഖബറടക്കിക്കഴിഞ്ഞാൽ മയ്യിത്തിന് പാപമോചനത്തിന് വേണ്ടിയും ചോദ്യം ചെയ്യുമ്പോൾ സ്ഥൈര്യത്തിനുവേണ്ടിയും പ്രാർഥിക്കണം. മയ്യിത്ത് ഖബറടക്കി കഴിഞ്ഞാൽ

**اِسْتَغْفِرُوا لِأَخِيكُمْ وَسَلُوا لَهُ التَّثْبِيتَ فَإِنَّهُ الْآنَ يُسْأَلُ (أبو داود، حاكم)**

(നിങ്ങളുടെ സഹോദരനുവേണ്ടി മാപ്പിരക്കുക, അദ്ദേഹത്തിന് സ്ഥൈര്യ ത്തിനപേക്ഷിക്കുക. അദ്ദേഹത്തെ ഇപ്പോൾ ചോദ്യം ചെയ്യപ്പെടാൻ പോവു കയാണ്.) എന്ന് നബി(സ) പറയാറുണ്ടായിരുന്നു.

ഖബറടക്കിയശേഷം മയ്യിത്തിന്റെ തലയുടെ ഭാഗത്തിരുന്നു തൽഖീൻ ചൊല്ലുന്നതിന് നബിചര്യയിൽ മാതൃകയില്ല. ഇമാം ശാഫിഈ (റ) അടക്കം ഒരു വിഭാഗം പണ്ഡിതൻമാർ അത് അഭികാമ്യമെന്നു അഭിപ്രായപ്പെട്ടിട്ടുണ്ട്.

തിരിച്ചറിയാൻ പാകത്തിൽ ഖബറിന്മേൽ കല്ലോ മറ്റോ നാട്ടുന്നതു നല്ലതാണ്. ഉഥ്മാനുബ്നു മള്ഊനി(റ)ന്റെ ഖബറിൻമേൽ കല്ല് നാട്ടിക്കൊണ്ട് നബി(സ) പറഞ്ഞു.

**أَتَعَلَّمُ بِهَا قَبْرَ أَخِي وَأَدْفِنُ إِلَيْهِ مَنْ مَاتَ مِنْ أَهْلِي (أبو داود)**

(അതുവഴി ഞാൻ എന്റെ സഹോദരന്റെ ഖബർ തിരിച്ചറിയും. എന്റെ കുടുംബക്കാരിൽ മരിക്കുന്നവരെ അതിന്നടുത്തു ഞാൻ ഖബറടക്കുകയും ചെയ്യും.)

ഖബറിന്റെ മുകൾഭാഗം സമതലത്തിൽനിന്ന് ഒരു ചാൺ ഉയരത്തിൽ പരത്തിയിടുകയോ കമാനാകൃതിയിൽ ആക്കുകയോ ആണ് വേണ്ടത്. അതിലപ്പുറം ഖബർ കെട്ടിപ്പൊക്കുന്നത് നബി (സ) നിരോധിച്ചിട്ടുണ്ട്. അബുൽ ഹയ്യാജുൽ അസദി പറയുന്നു:

**قَالَ لِي عَلِيُّ بْنُ أَبِي طَالِبٍ : أَلاَ أَبْعَثُكَ عَلَى مَا بَعَثَنِي عَلَيْهِ رَسُولُ الله ﷺ أَلاَّ تَدَعَ تِمْثَالاً إِلاَّ طَمَسْتَهُ وَلاَ قَبْرًا مُشْرَفًا إِلاَّ سَوَّيْتَهُ (مسلم)**

(അലി (റ) എന്നോട് പറഞ്ഞു: റസൂൽ (സ) എന്നെ നിയോഗിച്ച അതേ കാര്യത്തിന് ഞാൻ താങ്കളെ നിയോഗിക്കട്ടെയോ? ഒറ്റ പ്രതിമയും തകർക്കാ തെയും കെട്ടിയുയർത്തിയ ഒരു ഖബറും നിരപ്പാക്കാതെയും വിടരുത്.)

### ഖബർ മൂടൽ

ജാറം മൂടുക തുടങ്ങിയവ അനിസ്ലാമികാചാരമാണ്. അതുകൊണ്ട് തന്നെ നിഷിദ്ധവും. ആരാധനയുടെ രൂപത്തിലാണെങ്കിൽ അതു ശിർക്കു കൂടിയാണ്. അനാവശ്യ ധനവ്യയം വരും എന്നതുകൊണ്ട് ധൂർത്തിന്റെ ഗണത്തിലാണ് അതുൾപ്പെടുക. ഇതുപോലുള്ള ധൂർത്തിനെക്കുറിച്ച് ആയിശ(റ) പറയുന്നു:

**إِنَّ النَّبِيَّ ﷺ خَرَجَ فِي غَزَاةٍ فَأَخَذْتُ نَمَطًا فَسَتَرْتُهُ عَلَى الْبَابِ فَلَمَّا قَدِمَ رَأَى النَّمَطَ فَجَذَبَهُ حَتَّى هَتَكَهُ ثُمَّ قَالَ: إِنَّ اللَّهَ لَمْ يَأْمُرْنَا أَنْ نَكْسُوَ الْحِجَارَةَ وَالطِّينَ (متفق عليه)**

(നബി (സ) ഒരു യുദ്ധത്തിനു പോയി. ഞാൻ വരയുള്ള ഒരു പുതപ്പെടു ത്ത് വാതിലിന്മേലിട്ടു അത് മറച്ചു. നബി (സ) തിരിച്ചുവന്നപ്പോൾ ആ പുതപ്പ് കണ്ടു. അതു കീറുവോളം പിടിച്ചു വലിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: കല്ലിനും മണ്ണിനും പുതപ്പിക്കാൻ അല്ലാഹു നമ്മോട് കല്പിച്ചിട്ടില്ല.)

ഖബറുകൾ ആരാധനാലയങ്ങളാക്കുന്നതും അവിടെ വിളക്കു കത്തിക്കു ന്നതും നിഷിദ്ധമാണ്. നബി (സ) പറഞ്ഞതായി അബൂഹുറൈറ (റ) ഉദ്ധരി ക്കുന്നു.

**لَعَنَ اللَّهُ الْيَهُودَ وَالنَّصَارَى اِتَّخَذُوا قُبُورَ أَنْبِيَائِهِمْ مَسَاجِدَ (مسلم)**

(തങ്ങളുടെ പ്രവാചകന്മാരുടെ ഖബറുകൾ ആരാധനാകേന്ദ്രങ്ങളാ ക്കിയ കാരണത്താൽ അല്ലാഹു യഹൂദരെയും

ഇബ്നു അബ്ബാസ് (റ) പറയുന്നു:

لَعَنَ رَسُولُ اللَّهِ ﷺ زَائِرَاتِ الْقُبُورِ وَالْمُتَّخِذِينَ عَلَيْهَا الْمَسَاجِدَ وَالسُّرُجَ (أحمد والترمذي)

(ഖബർ സന്ദർശിക്കുന്ന സ്ത്രീകളെയും അവക്കുമേൽ ആരാധനാ കേന്ദ്രം പണിയുന്നവരെയും വിളക്ക് വെക്കുന്നവരെയും റസൂൽ (സ) ശപിച്ചിരിക്കുന്നു.)

ഖബറിനടുത്ത് വെച്ച് അറവ് നടത്തുന്നതും നിഷിദ്ധം തന്നെ. നബി (സ) പറഞ്ഞതായി അനസ് (റ) ഉദ്ധരിക്കുന്നു.

لاَ عَقْرَ فِي الْإِسْلاَمِ (أبو داود)

(ഇസ്‌ലാമിൽ അറവില്ല.)

അനിസ്‌ലാമിക കാലത്തെ അറബികൾ ചെയ്തിരുന്ന ഒരു ആചാരമാ ണ്, ഉദാരന്മാരാണ് മരിച്ചതെങ്കിൽ അവരുടെ ഖബറിങ്കൽ അറവ് നടത്തി ദാനം ചെയ്യുക എന്നത്. ഈ ആചാരത്തെയാണ് നബി(സ) ഇവിടെ നിരോധിച്ചിരിക്കുന്നത്.

ഖബറിനുമുകളിലോ അതിന്മേൽ ചാരിയോ ഇരിക്കുന്നതും ഖബറി ന്മേൽ നടക്കുന്നതും തെറ്റാണ്. അംറുബ്നു ഹസം (റ) പറയുന്നു:

رَآنِي رَسُولُ اللَّهِ ﷺ مُتَّكِئًا عَلَى قَبْرٍ فَقَالَ: لاَ تُؤْذِ صَاحِبَ هَذَا الْقَبْرِ (أحمد)

(ഞാൻ ഒരു ഖബറിൽ ചാരി ഇരിക്കുന്നതുകണ്ട് റസൂൽ (സ) പറഞ്ഞു: ഈ ഖബറിന്റെ ഉടമയെ ദ്രോഹിക്കരുത്.)

റസൂൽ (സ) പറഞ്ഞതായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു:

لَأَنْ يَجْلِسَ أَحَدُكُمْ عَلَى جَمْرَةٍ فَتُحْرِقَ ثِيَابَهُ فَتَخْلَصَ إِلَى جِلْدِهِ خَيْرٌ لَهُ مِنْ أَنْ يَجْلِسَ عَلَى قَبْرٍ (أحمد ومسلم وأبو داود والنسائي وابن ماجه)

(നിങ്ങളിലൊരാൾ ഒരു തീക്കനലിൽ ഇരിക്കുകയും അത് അയാളുടെ വസ്ത്രം കരിച്ച് ചർമ്മത്തിലേക്കു പകരുകയും ചെയ്യുന്നതാണ് ഖബറി ന്മേൽ ഇരിക്കുന്നതിലും ഏറെ അയാൾക്ക് അഭികാമ്യം.)

ഖബറിന് സിമന്റിട്ട് മോടി കൂട്ടുന്നതും അതിന്മേൽ പേരെഴുതിവെക്കു ന്നതും അതുകെട്ടിപ്പൊക്കുന്നതും തെറ്റാണ്. ജാബിർ (റ) പറയുന്നു:

نَهَى رَسُولُ اللَّهِ ﷺ أَنْ يُجَصَّصَ الْقَبْرُ وَأَنْ يُقْعَدَ عَلَيْهِ وَأَنْ يُبْنِيَ عَلَيْهِ (أحمد، مسلم، النسائي، أبو داود)

(ഖബറിനു കുമ്മായമിടുന്നതും അതിന്മേൽ ഇരിക്കുന്നതും അത് കെട്ടി പ്പൊക്കുന്നതും റസൂൽ (റ) നിരോധിച്ചിരിക്കുന്നു.)

മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെ കാണാം:

نَهَى أَنْ يُبْنَى عَلَى الْقَبْرِ أَوْ يُزَادَ عَلَيْهِ أَوْ يُجَصَّصَ أَوْ يُكْتَبَ عَلَيْهِ (النسائي)

(ഖബർ കെട്ടിപ്പൊക്കുന്നതും അതിൽ ഏച്ചുകൂട്ടുന്നതും അതിന് കുമ്മാ യമിടുന്നതും അതിന്മേൽ എഴുതിവെക്കുന്നതും നബി (സ) നിരോധിച്ചിരി ക്കുന്നു.)

കടലിലോ മറ്റോ വെച്ച് ഖബറടക്കാൻ പറ്റാത്ത സാഹചര്യത്തിലാണ് ഒരാൾ മരിച്ചതെങ്കിൽ മൃതശരീരം കേടുവരാതെ സൂക്ഷിക്കാൻ പറ്റുമെങ്കിൽ ഖബറടക്കാൻ പറ്റുന്ന സാഹചര്യം കൈവരുംവരെ കാത്തിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം കുളിപ്പിച്ച് കഫൻ ചെയ്ത് മയ്യിത്ത് നമസ്കരിച്ചശേഷം കടലിലിട്ടാൽ മതിയാകും.

ഗർഭസ്ഥശിശു ജീവിച്ചിരിക്കാൻ സാധ്യതയുണ്ടെങ്കിൽ മരിച്ച ഗർഭിണി യുടെ വയർ കീറി കുട്ടിയെ പുറത്തെടുക്കേണ്ടതാണ്. മുസ്‌ലിമിന്റെ ഭാര്യ യായ വേദക്കാരി ഗർഭിണിയായിരിക്കെ മരിച്ചാൽ മുസ്‌ലിം ശ്മശാനത്തി ലോ അമുസ്‌ലിം ശ്മശാനത്തിലോ അല്ല ഒറ്റയ്ക്കാണ് അവരെ മറമാടേണ്ട തെന്നാണ് ഇമാം അഹ്മദിന്റെ പക്ഷം.

മുസ്‌ലിംകളുടെ പൊതുശ്മശാനത്തിലാണ് മുസ്‌ലിമിന്റെ മൃതദേഹം മറമാടേണ്ടത്. നബി(സ)യുടെ കാലത്തും ശേഷവും സഹാബിമാരും താബിഉകളുമെല്ലാം ചെയ്തത് അതായിരുന്നു.

മരിച്ചവരെ അവഹേളിക്കുന്നതും ഭർത്സിക്കുന്നതും തെറ്റാണ്. നബി (സ) പറഞ്ഞതായി ആഇശ (റ) ഉദ്ധരിക്കുന്നു:

لاَ تَسُبُّوا الْأَمْوَاتَ فَإِنَّهُمْ قَدْ أَفْضَوْا إِلَى مَا قَدَّمُوا (البخاري)

(നിങ്ങൾ മരണമടഞ്ഞവരെ ആക്ഷേപിക്കരുത്. അവർ തങ്ങളുടെ കർമ ത്തിലേക്ക് ചെന്നുകഴിഞ്ഞു.)

أُذْكُرُوا مَحَاسِنَ مَوْتَاكُمْ وَكُفُّوا عَنْ مَسَاوِيهِمْ (الترمذي، أبو داود)

(നിങ്ങൾ മരണമടഞ്ഞവരുടെ നന്മ പറഞ്ഞുകൊള്ളുക. അവരുടെ ദോഷങ്ങൾ പറയാതിരിക്കുക.)

എല്ലാം ദ്രവിച്ച് മണ്ണായി മാറിയ പഴയ ഖബറിൽ പുതിയ മയ്യിത്ത് മറവ് ചെയ്യാവുന്നതാണ്. പഴയ ഖബർ മാന്തിയശേഷമാണ് അതിൽ നശിക്കാതെ ശേഷിച്ച എല്ലോ മറ്റോ കിട്ടുന്നതെങ്കിൽ അത് ഒരു ഭാഗത്ത് നീക്കിവെച്ചശേ ഷം പുതിയ മയ്യിത്ത് അതിൽ മറമാടാം. മണ്ണിട്ട് മൂടിയ മയ്യിത്ത് അനിവാര്യ മെങ്കിൽ മാത്രം പുറത്തെടുക്കാവുന്നതാണ്. അനാവശ്യമായി ഖബർ മാന്തുന്നതു തെറ്റാണ്.

മക്ക, മദീന, ബൈതുൽമഖ്ദിസ് എന്നീ പ്രദേശങ്ങൾക്കടുത്ത് എവിടെ യെങ്കിലും വെച്ച് മരിച്ചതാണെങ്കിൽ മയ്യിത്ത് ആ പ്രദേശങ്ങളിലേക്കു മാറ്റാ വുന്നതാണ്. ആ പ്രദേശങ്ങളുടെ മഹത്വമാണ് അതിനു കാരണം. ആവശ്യ മില്ലാതെ മറ്റു പ്രദേശങ്ങളിലേക്ക് മയ്യിത്ത് കൊണ്ടുപോവുന്നത് നന്നല്ല. മരിച്ച പ്രദേശത്ത് മറമാടുകയാണ് വേണ്ടത്.

## ‘തഅ്സിയത്ത്’ (اَلتَّعْزِيَةُ)

മരിച്ചത് അമുസ്‌ലിമാണെങ്കിൽപോലും പരേതന്റെ സന്തപ്ത കുടുംബ ത്തെ സമാശ്വസിപ്പിക്കൽ സുന്നത്താണ്. കുടുംബത്തിലെ പുരുഷന്മാർ, സ്ത്രീകൾ, വലിയവർ, കുട്ടികൾ എന്നീ വ്യത്യാസമില്ലാതെ എല്ലാവരെയും ആശ്വസിപ്പിക്കാവുന്നതാണ്. അത് മയ്യിത്ത് സംസ്കരിക്കുന്നതിനു മുമ്പും ശേഷവും ആകാം. സാധാരണഗതിയിൽ മൂന്നുദിവസം വരെയാണ് ‘തഅ്സിയത്തി’ന്റെ സമയം. ഒരാൾ യാത്രയിലായതിനാലോ മറ്റോ അതിനു സാധിച്ചില്ലെങ്കിൽ മൂന്നുദിവസം കഴിഞ്ഞും അതാകാം.

ആശ്വാസം പകരുന്ന, ക്ഷമിക്കാനും സഹിക്കാനും പ്രേരിപ്പിക്കുന്ന വാക്കുകൾ ഏതും ‘തഅ്സിയ’ത്തിൽ

أَعْظَمَ اللّٰهُ أَجْرَكَ وَأَحْسَنَ عَزَائَكَ وَغَفَرَ لِمَيِّتِكَ

(അല്ലാഹു താങ്കൾക്ക് ഉത്തമ പ്രതിഫലം നൽകട്ടെ, നല്ല ആശ്വാസം നൽകട്ടെ, താങ്കളുടെ മയ്യിത്തിന് അവൻ പൊറുത്തു കൊടുക്കട്ടെ!)

ആശ്വാസിതൻ 'ആമീൻ' പറയുകയും ആശ്വാസകനോട് آجَــــرَكَ الله (അല്ലാഹു താങ്കൾക്കു പ്രതിഫലം നൽകട്ടെ!) എന്ന് പറയുകയും ചെയ്യേ ണ്ടതാണ്.

ആശ്വാസവചനം പറഞ്ഞ് രണ്ടുപേരും പിരിയുകയാണ് വേണ്ടത്. 'തഅ് സിയത്തി'നായി കൂടിയിരിക്കുന്നതും തദാവശ്യാർഥം ഭക്ഷണം ഒരുക്കുന്ന തും അനിസ്‌ലാമികാചാരം (ബിദ്അത്ത്) ആണെന്നത്രെ ഇമാം ശാഫിഈ യുടെ പക്ഷം. പലേടത്തും നടപ്പുള്ള ചാവടിയന്തിരത്തിന്റെയും പതിനഞ്ച്, നാൽപത്, ആണ്ട് ആഘോഷങ്ങൾ എന്നിവയുടെയും അവസ്ഥയും ഇതു തന്നെ. ഇവയ്ക്കൊന്നും നബിചര്യയിൽ മാതൃകയില്ല.

## ഖബർ സന്ദർശനം

ഖബർസന്ദർശനം പുരുഷന്മാർക്കു സുന്നത്താണ്. ഖബറിനടുത്ത് ചെ ല്ലുക, ഖബർവാസിക്കു സലാം ചൊല്ലുക, അയാളുടെ പാപമോചനത്തി നായി അല്ലാഹുവോട് പ്രാർഥിക്കുക ഇത്രയുമാണ് ഖബർ സന്ദർശനം കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. സന്ദർശകന് പരലോകബോധം വർധിക്കാൻ അതു കാരണമാകും. കുറ്റവാളികളുടെയും നിഷേധികളുടെയും ഖബറുക ളും ഈയാവശ്യാർഥം സന്ദർശിക്കാവുന്നതാണ്. ഇസ്‌ലാമിന്റെ ആദ്യഘട്ട ത്തിൽ ഖബർസന്ദർശനം നബി(സ) നിരോധിച്ചിരുന്നു. ശിർക്കു സംബന്ധ മായ ആചാരങ്ങൾ സന്ദർശനത്തിൽ കടന്നുകൂടാൻ സാധ്യതയുള്ളതാണ് അതിനു കാരണം. പിന്നീട് നിരോധം നീക്കി. നബി (സ) പറഞ്ഞതായി ബുറൈദ (റ) ഉദ്ധരിക്കുന്നു:

كُنْتُ نَهَيْتُكُمْ عَنْ زِيَارَةِ الْقُبُورِ أَلاَ فَزُورُوهَا فَإِنَّهَا تُذَكِّرُكُمُ الْآخِرَةَ (أحمد، مسلم)

(ഞാൻ നിങ്ങൾക്കു ഖബർ സന്ദർശനം നിരോധിച്ചിരുന്നു. ഇനി അവ സന്ദർശിച്ചുകൊള്ളുക. അതു നിങ്ങൾക്കു പരലോകബോധമുണ്ടാക്കും.)

ഖബർ സന്ദർശനവേളയിൽ എന്തു പറയണമെന്ന് താഴെ ഹദീഥുകൾ വ്യക്തമാക്കുന്നു.

1) ബുറൈദ (റ) പറയുന്നു:

كَانَ النَّبِيُّ ﷺ يُعَلِّمُهُمْ إِذَا خَرَجُوا إِلَى الْمَقَابِرِ أَنْ يَقُولَ قَائِلُهُمْ: السَّلاَمُ عَلَيْكُمْ أَهْلَ الدِّيَارِ مِنَ الْمُؤْمِنِينَ وَالْمُسْلِمِينَ وَإِنَّا إِنْ شَاءَ اللّٰهُ بِكُمْ لاَحِقُونَ. أَنْتُمْ فَرَطُنَا وَنَحْنُ لَكُمْ تَبَعٌ وَنَسْأَلُ اللّٰهَ لَنَا وَلَكُمُ الْعَافِيَةَ (أحمد، مسلم)

(ശ്മശാനങ്ങളിൽ ചെന്നാൽ ഇങ്ങനെ പറയണമെന്ന് നബി (സ) അവരെ പഠിപ്പിക്കുമായിരുന്നു: നിങ്ങൾക്ക് അല്ലാഹുവിന്റെ സമാധാനമുണ്ടാവട്ടെ. മുഅ്മിനുകളും മുസ്‌ലിംകളുമായ ഈ ഭവനത്തിലെ താമസക്കാരേ, അല്ലാഹു ഉദ്ദേശിച്ചാൽ ഞങ്ങളും നിങ്ങളുടെശേഷം വരാനുള്ളവരാണ്. നിങ്ങൾ മുമ്പേ പോയവരും ഞങ്ങൾ നിങ്ങളെ പിന്തുടരുന്നവരുമാകുന്നു. ഞങ്ങൾക്കും നിങ്ങൾക്കും സൗഖ്യത്തിനായി ഞങ്ങൾ അല്ലാഹുവിനോടർഥിക്കുന്നു.)

2) ആയിശ (റ) പറയുന്നു:

قُلْتُ: كَيْفَ أَقُولُ لَهُمْ يَا رَسُولَ اللّٰهِ ؟ قَالَ: قُولِي : السَّلاَمُ عَلَى أَهْلِ الدِّيَارِ مِنَ الْمُؤْمِنِينَ وَالْمُسْلِمِينَ وَيَرْحَمُ اللّٰهُ الْمُسْتَقْدِمِينَ مِنَّا وَالْمُسْتَأْخِرِينَ وَإِنَّا إِنْ شَاءَ اللّٰهُ بِكُمْ لاَحِقُونَ (مسلم)

(ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ഞാൻ അവരോട് എന്തു പറ യണം? അദ്ദേഹം പറഞ്ഞു: നീ പറയുക:

السَّلاَمُ عَلَيْكُمْ ..... وَإِنَّا إِنْ شَاءَ اللّٰهُ بِكُمْ لاَحِقُونَ)

ഇതുസംബന്ധിച്ച് വേറെയും ഹദീഥുകൾ വന്നിട്ടുണ്ട്. എന്നാൽ ഖബർ തൊട്ടുമുത്തുക, ചുംബിക്കുക, ഖബറിനു വലംവെക്കുക, അതിങ്കൽ സുജൂദ് ചെയ്യുക ആദിയായവ ശിർക്കുപരമായ പ്രവൃത്തികളും നിഷിദ്ധവുമാണ്.

പുരുഷന്മാർക്കു മാത്രമല്ല, സ്ത്രീകൾക്കും തങ്ങളുടെ ബന്ധുക്കളുടെ ഖബർ സന്ദർശിക്കാവുന്നതാണ്. ഖബറിങ്കൽ ചെന്ന് അലമുറയിടുകയും മറ്റ് അനിസ്‌ലാമിക രീതികൾ കൈകൊള്ളുകയും ചെയ്യുന്നില്ലെങ്കിലാണത്. അല്ലാത്തപക്ഷം അത് അവർക്ക് ശാപകാരണമായിത്തീരുകയും ചെയ്യും. ആയിശ(റ) സഹോദരൻ അബ്ദുറഹ്മാനുബ്നു അബീബകറി(റ)ന്റെ ഖബർ സന്ദർശിച്ച് മടങ്ങുമ്പോൾ അബ്ദുല്ലാഹിബ്നു മുലൈക (റ) അവരെ കാണാനിടയായി. അദ്ദേഹം ചോദിച്ചു:

يَا أُمَّ الْمُؤْمِنِينَ مِنْ أَيْنَ أَقْبَلْتِ ؟ قَالَتْ : مِنْ قَبْرِ أَخِي عَبْدِ الرَّحْمٰنِ فَقُلْتُ لَهَا أَلَيْسَ كَانَ نَهَى رَسُولُ اللّٰهِ ﷺ عَنْ زِيَارَةِ الْقُبُورِ؟ قَالَتْ : نَعَمْ، كَانَ نَهَى عَنْ زِيَارَةِ الْقُبُورِ ثُمَّ أَمَرَ بِزِيَارَتِهَا (حاكم، والبيهقي)

(ഉമ്മുൽമുഅ്മിനീൻ, താങ്കൾ എവിടെ നിന്നാണ് വരുന്നത്? അവർ പറ ഞ്ഞു: എന്റെ സഹോദരൻ അബ്ദുറഹ്മാന്റെ ഖബറിനടുത്തുനിന്ന്. അപ്പോൾ ഞാൻ ചോദിച്ചു: നബി (സ) ഖബർസന്ദർശനം നിരോധിച്ചിരു ന്നില്ലേ? അവർ പറഞ്ഞു: അതെ, നിരോധിച്ചിരുന്നു. പിന്നെ സന്ദർശിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.)

## മയ്യിത്തിന് പ്രയോജനം ചെയ്യുന്ന കർമങ്ങൾ

ഒരു മുസ്‌ലിം ജീവിതകാലത്ത് ചെയ്ത ഏതു സൽകർമവും മരണാന ന്തരം അയാൾക്ക് പ്രയോജനം ചെയ്യും. എന്നാൽ സ്ഥായിയായി നിലനിൽ ക്കുന്നതും തുടർന്നും ഫലം കിട്ടുന്നതുമായ മൂന്നു കാര്യങ്ങളുണ്ട്:

സ്ഥായിയായ ദാനം, പ്രയോജനപ്രദമായ വിജ്ഞാനം, തനിക്കുവേണ്ടി പ്രാർഥിക്കുന്ന നല്ല സന്താനം എന്നിവയാണത്. നബി (സ) പറഞ്ഞതായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു:

إِذَا مَاتَ ابْنُ آدَمَ انْقَطَعَ عَمَلُهُ إِلاَّ مِنْ ثَلاَثٍ صَدَقَةٌ جَارِيَةٌ أَوْ عِلْمٌ يُنْتَفَعُ بِهِ أَوْ وَلَدٌ صَالِحٌ يَدْعُولَهُ (مسلم)

നമസ്കാരത്തിൽ പ്രാർഥിക്കാൻ നിർദ്ദേശിച്ചത് അതുകൊണ്ടത്രെ. ഖുർആൻ പറയുന്നു:

وَالَّذِينَ جَاؤُا مِنْ بَعْدِهِمْ يَقُولُونَ رَبَّنَا اغْفِرْلَنَا وَلِإِخْوَانِنَا الَّذِينَ سَبَقُونَا بِالْإِيمَانِ وَلاَ تَجْعَلْ فِي قُلُوبِنَا غِلاًّ لِلَّذِينَ آمَنُوا رَبَّنَا إِنَّكَ رَؤُوفٌ رَحِيمٌ (الحشر: ١٠)

(ശേഷം വന്നവർ പറയും: നാഥാ, ഞങ്ങൾക്കും മുമ്പ് വിശ്വാസം കൈകൊണ്ട് കഴിഞ്ഞുപോയ ഞങ്ങളുടെ സഹോദരന്മാർക്കും പൊറുക്കേണമേ! സത്യവിശ്വാസികൾക്ക് നേരെ ഞങ്ങളുടെ മനസ്സിൽ വിദ്വേഷം ഉണ്ടാക്ക രുതേ, നാഥാ നീ കൃപാലുവും കാരുണ്യവാനുമല്ലോ.)

## ദാനം

മരിച്ചവർക്കുവേണ്ടി വിശേഷിച്ചും സന്താനങ്ങൾ നടത്തുന്ന ദാനംമൂല വും അവർക്കു ഗുണം ലഭിക്കുന്നതാണ്. അബൂഹുറൈറ (റ) പറയുന്നു:

إِنَّ رَجُلاً قَالَ لِلنَّبِيِّ ﷺ إِنَّ أَبِي مَاتَ وَتَرَكَ مَالاً وَلَمْ يُوصِ فَهَلْ يُكَفِّرُ عَنْهُ أَنْ أَتَصَدَّقَ عَنْهُ ؟ قَالَ : نَعَمْ (أحمد، مسلم)

(ഒരാൾ നബി(സ)യെ സമീപിച്ച് ചോദിച്ചു: എന്റെ പിതാവ് മരിച്ചിരിക്കു ന്നു. അദ്ദേഹം സമ്പത്ത് ബാക്കിവെച്ചിട്ടുണ്ട്. ഒന്നും ഒസ്യത്ത് ചെയ്തിട്ടു മില്ല. ഞാൻ അദ്ദേഹത്തിനുവേണ്ടി ദാനം ചെയ്താൽ അതു അദ്ദേഹത്തിന്റെ പാപപരിഹാരത്തിന് കാരണമാവുമോ? നബി(സ) പറഞ്ഞു: അതെ.)

സഅദുബ്നു ഉബാദ(റ)യുടെ ഉമ്മ മരിച്ചു. അദ്ദേഹം നബി(സ)യോട് ചോദിച്ചു:

يَا رَسُولَ اللَّهِ: إِنَّ أُمِّي مَاتَتْ أَفَأَتَصَدَّقُ عَنْهَا؟ قَالَ: نَعَمْ قُلْتُ: فَأَيُّ الصَّدَقَةِ أَفْضَلُ ؟ قَالَ: سَقْيُ الْمَاءِ (أحمد، النسائي)

(അല്ലാഹുവിന്റെ ദൂതരേ, എന്റെ ഉമ്മ മരിച്ചിരിക്കുന്നു. ഞാൻ അവർക്കു വേണ്ടി ദാനം ചെയ്യട്ടെയോ? നബി(സ) പറഞ്ഞു: അതെ. ഞാൻ ചോദിച്ചു: ഏറ്റവും നല്ല ദാനം ഏതാണ്? നബി(സ) പറഞ്ഞു: ജലദാനം.)

എന്നാൽ ജനാസ കൊണ്ടുപോകുമ്പോഴും ഖബറിനടുത്തുവെച്ചും ദാനം ചെയ്യുന്നതിന് ഇസ്‌ലാമിൽ മാതൃകയില്ല. അതിനാൽ തന്നെ അതു ബിദ്അത്തും അനഭികാമ്യവുമാണ്.

## ഹജ്ജ്

പരേതന് ഹജ്ജ് നിർബന്ധമുണ്ടെങ്കിൽ പകരം സന്താനങ്ങൾ അതു നിർവഹിച്ചാൽ അതിന്റെ പ്രതിഫലം അദ്ദേഹത്തിന് ലഭിക്കും. ഇബ്നു അബ്ബാസ് (റ) പറയുന്നു:

إِنَّ امْرَأَةً مِنْ جُهَيْنَةَ جَائَتْ إِلَى النَّبِيِّ ﷺ فَقَالَتْ: إِنَّ أُمِّي نَذَرَتْ أَنْ تَحُجَّ فَلَمْ تَحُجَّ حَتَّى مَاتَتْ أَفَأَحُجُّ عَنْهَا ؟ قَالَ: حُجِّي عَنْهَا. أَرَأَيْتِ لَوْكَانَ عَلَى أُمِّكِ دَيْنٌ أَكُنْتِ قَاضِيَتَهُ ؟ اِقْضُوا فَاللهُ أَحَقُّ بِالْقَضَاءِ (البخاري)

(ജുഹൈന ഗോത്രത്തിലെ ഒരു സ്ത്രീ നബി(സ)യെ സമീപിച്ച് പറ ഞ്ഞു: എന്റെ ഉമ്മ ഹജ്ജ് ചെയ്യാൻ നേർച്ചയാക്കിയിരുന്നു. അവർക്ക് ഹജ്ജ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. അവർ മരിച്ചുപോയി. അവർക്കുവേണ്ടി ഞാൻ ഹജ്ജ് ചെയ്താൽ മതിയാവുമോ? നബി (സ) പറഞ്ഞു: നീ അവർക്കു വേണ്ടി ഹജ്ജ് ചെയ്തുകൊള്ളുക. നിന്റെ മാതാവിനു വല്ല കടവും ഉണ്ടാ യിരുന്നുവെങ്കിൽ നീ അതു കൊടുത്തുവീട്ടുമായിരുന്നില്ലേ? നിങ്ങൾ കടം വീട്ടുക. അല്ലാഹുവാണ് കടം വീട്ടാൻ കൂടുതൽ അർഹൻ.)

## നോമ്പ്

നോമ്പും അങ്ങനെ തന്നെ: ഇബ്നുഅബ്ബാസ് (റ) പറയുന്നു:

جَاءَ رَجُلٌ إِلَى النَّبِيِّ ﷺ فَقَالَ: يَا رَسُولَ اللهِ إِنَّ أُمِّي مَاتَتْ وَعَلَيْهَا صَوْمُ شَهْرٍ أَفَأَقْضِيهِ عَنْهَا ؟ قَالَ: لَوْ كَانَ عَلَى أُمِّكَ دَيْنٌ أَكُنْتَ قَاضِيهِ عَنْهَا؟ قَالَ: نَعَمْ : قَالَ فَدَيْنُ اللهِ أَحَقُّ أَنْ يُقْضَى (البخاري، مسلم)

(ഒരാൾ നബി (സ) യെ സമീപിച്ചു പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, എന്റെ മാതാവ് മരിച്ചിരിക്കുന്നു. അവർക്ക് ഒരുമാസത്തെ നോമ്പ് ബാധ്യത യുണ്ട്. അവർക്കുവേണ്ടി ഞാൻ നോമ്പനുഷ്ഠിച്ചാൽ മതിയാകുമോ? നബി (സ) ചോദിച്ചു: നിന്റെ മാതാവിന് കടമുണ്ടെങ്കിൽ നീ അതു വീട്ടുകയില്ലേ? അദ്ദേഹം പറഞ്ഞു: അതെ. നബി(സ) പറഞ്ഞു: എങ്കിൽ അല്ലാഹുവിന്റെ കടമാണ് വീട്ടാൻ ഏറ്റം അർഹം.)

## ഖുർആൻ പാരായണം

മരിച്ചവർക്കോ ജീവിച്ചിരിക്കുന്ന ആർക്കെങ്കിലുമോ വേണ്ടി ഖുർആൻ പാരായണം ചെയ്ത് അതിന്റെ ഫലം ദാനം ചെയ്യുന്നതിന് ഖുർആനിൽ തെളിവില്ല. നബി(സ)യുടെ മാതൃകയുമില്ല. അങ്ങനെ ചെയ്യുന്നതിന് പ്രതി ഫലം കിട്ടുകയില്ലെന്നാണ് ഇമാം ശാഫിഈയുടെ പ്രസിദ്ധാഭിപ്രായം. അഹ് മദുബ്നു ഹമ്പലും മറ്റു പണ്ഡിതന്മാരും കിട്ടുമെന്ന പക്ഷക്കാരാണ്. ഗുണം കിട്ടുമെന്ന് പറയുന്നവർതന്നെ ഖുർആൻ ഓതിയ ആൾ അതിന് പ്രതി ഫലം പറ്റരുതെന്ന് ഉപാധിവെക്കുന്നുണ്ട്. പാരായണം ചെയ്തതിന്റെ ഫലം പരേതന് ദാനം ചെയ്യുന്നതായി കരുതുകയും വേണം. നബി(സ)ക്കുവേണ്ടി ഇങ്ങനെ ദാനം ചെയ്യുന്നത് അഭികാമ്യമല്ലെന്ന് പിൽക്കാല പണ്ഡിതന്മാർ പലരും അഭിപ്രായപ്പെടുന്നു. സഹാബിമാർ ആരും ഇവ്വിധം നബി(സ)യുടെ പേരിൽ ദാനം ചെയ്തതായി തെളിവില്ല.